

# ALMOST FREE !

## Excellent Christian Literature

You can receive 30 books (english), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**

C–22 N. D. S. E. 2

**New Delhi-110049**

# ബൈബിൾ ട്രൂത്ത്.

Editors:


P. K. VARGHESE J. C. CHOATE

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 2 July 1988 No. 4


എന്നാൽ ഞാൻ ഗുണത്തിനും പോയിട്ടില്ല ദോഷത്തിനും പോയിട്ടില്ല. ഇത് സാധാരണയായി പലരും പറഞ്ഞു കേൾക്കാറുണ്ട്. തങ്ങൾ മററുള്ളവരേക്കാൾ ഉത്തമൻമാരാണ് എന്ന് കാണിക്കുകയാണല്ലൊ ഇതിന്റെ ഉള്ളിൽ അടങ്ങിയിരിക്കുന്ന തത്വം. എന്താണ് ഗുണത്തിനുമില്ല; ദോഷത്തിനുമില്ല എന്നു പറഞ്ഞാൽ? അതിന്റെ അർത്ഥം ഉപകാരവും ചെയ്യുകയില്ല; ഉപദ്രവവും ചെയ്യുകയില്ല എന്നതാണ്. സഹായം ചെയ്തില്ലെങ്കിലും ദ്രോഹിക്കരുതല്ലൊ എന്നതാണ് അവരുടെ സിദ്ധാന്തം. ഇതിൽ പറയത്തക്ക മേൻമയില്ലാത്ത, അപകടമായ ഒരു ഉപായമാണത്. കാരണം നൻമചെയ്യാനറിഞ്ഞിട്ട് അതു ചെയ്യാതിരുന്നാൽ പാപമാണെന്ന് തിരുവെഴുത്തുസൂചിപ്പിക്കുന്നു. ഒരു സൽപ്രവൃത്തി ചെയ്യുവാനുള്ള അവസരം കിട്ടിയാൽ അതു ചെയ്യുവാൻ നാം ഒരിക്കലും മടിക്കരുത്. നല്ല മന: സാക്ഷിയോടെ പ്രവർത്തിക്കുന്ന ദൈവഭക്തനായ ഒരു വ്യക്തി ഒരിക്കലും ഇതിൽനിന്ന് ഒഴിഞ്ഞുമാറില്ല. ഉപകാരം ചെയ്താൽ ഉപദ്രവമാണ് ഫലം എന്നു ഒഴിവ് കഴിവ് പറഞ്ഞ് കേൾക്കാറുണ്ട്. അതു ദൈവമക്കൾക്കു ഭൂഷണമല്ല. ആകയാൽ നിങ്ങളുടെ ഹൃദയ നിരൂപണം ദൈവസന്നിധിയിൽ സ്വീകാര്യമുള്ളതാക്കി മാററുക.

**പി.കെ. വർഗ്ഗീസ്**

# ക്രിസ്ത്യാനിയാവുക എത്ര എളുപ്പം

J. C. ചോട്ട്

ക്രിസ്ത്യാനിയായിത്തീരുകയെന്നത് വളരെ പ്രയാസകരമാണെന്ന് പലപ്പോഴും പലരും പറഞ്ഞു കേൾക്കാറുണ്ട്. ക്രിസ്തീയ ജീവിതം അത്ര എളുപ്പമല്ല; സഞ്ചാര മദ്ധ്യേ കഷ്ടവും പ്രയാസവും ഉപദ്രവവും സഹിക്കേണ്ടിവരും എന്നെല്ലാം കരുതി വരുന്നവരുണ്ട്. ഇതിൽ എത്രമാത്രം വാസ്തവമുണ്ട്, അഥവാ ഇത്തരം നിഷേധാത്മകമായ കാര്യങ്ങൾ നിരത്തി നമ്മുടെ സ്നേഹിതന്മാരെ ക്രിസ്തുവിന്റെ പിൻഗാമികൾ ആകുന്നതിൽ നിന്നും നിരാശരാക്കി മാറ്റുകയാണോ?

ആത്മാവും ജഡവും തമ്മിൽ തുടർച്ചയായ ഒരു പോരാട്ടം നടക്കുമെന്നുള്ളത് ശരിയാണ്. ഒന്നു മറ്റൊന്നിനെ അതിജീവിക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്. പൗലോസ് പറഞ്ഞു 'ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നുവെങ്കിലോ അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. അങ്ങനെ നന്മ ചെയ്‌വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ട് എന്നൊരു പ്രമാണം കാണുന്നു. ഉള്ളം കൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അതു എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു. അയ്യോ, ഞാൻ അരിഷ്ട മനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്നു എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഇങ്ങനെ ഞാൻ തന്നെ ബുദ്ധികൊണ്ടു ദൈവത്തിന്റെ പ്രമാണത്തേയും ജഡം കൊണ്ട് പാപത്തിന്റെ പ്രമാണത്തേയും സേവിക്കുന്നു' (റോമർ 7:19-20).

എന്നിട്ട് പൗലോസ് വീണ്ടും പറയുന്നത് 'അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റേയും മരണത്തിന്റേയും പ്രമാണത്തിൽ നിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു' – എന്നത്രേ (റോമർ 8:1–2).

ജഡം എത്രമാത്രം ബലഹീനമാണെന്നും പഴയ പ്രമാണത്തിന് പാപത്തിൽ നിന്നും വിടുവിപ്പാൻ കഴിഞ്ഞില്ല എന്നും പൗലോസ് തുടർന്നു പറയുന്നുണ്ട്. എന്നാൽ ക്രിസ്തു നമ്മെ രക്ഷിക്കേണ്ടതിനു വന്നുഎന്നും ജഡത്തെ അതിജീവിക്കുവാൻ നമുക്ക് ശക്തി നല്കിയെന്നും എന്നതു പരമാർത്ഥമാണെന്നു അവൻ തെളിയിച്ചു. അങ്ങനെ ജീവിക്കുവാൻ നമുക്ക് കഴിഞ്ഞാൽ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും ദൈവത്തിൽ നിന്നുള്ള രക്ഷ ലഭ്യമാണ്. ആത്മീയ ജീവിതത്തിന് ദൈവത്തിന്റെ പ്രമാണം മാനദണ്ഡമാക്കാത്തവർക്ക് ആത്മരക്ഷ പ്രാപ്യമല്ല. അതാണ് ദൈവത്തിന്റെ നീതി...മനുഷ്യനെ വിഷമിപ്പിക്കുന്ന വിവിധ പ്രശ്നങ്ങളെ എങ്ങനെ നേരിടണമെന്നു നാം അറിഞ്ഞിരിക്കണം. ഏക നീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണമാണ് ദൈവം ഒരുക്കിയിരിക്കുന്നത്.

ക്രിസ്ത്യാനിയായിത്തീരുമ്പോൾ, ഒരാൾക്ക് ക്രമീകരണം, സ്വഭാവമാറ്റം, വളർന്നു ശക്തനാകുമ്പോൾ—സ്നേഹിക്കുന്നതിനും കർത്താവിൽ ആശ്രയിച്ച് അവനെ അനുസരിക്കുന്നതിനും തുടങ്ങുമ്പോൾ പ്രയാസം നേരിടേണ്ടി വരുമെന്നത് വാസ്തവം തന്നെ. പ്രായം ചെന്ന ക്രിസ്ത്യാനികൾക്ക് പോലും ഈ ലോക ജീവിതത്തിൽ ആകൃഷ്ടരാകാതിരിപ്പാൻ ശ്രമിക്കുന്നതിൽ അവർക്ക് പ്രയാസം നേരിടുന്നുണ്ട്. നാം എത്രത്തോളം കർത്താവിനായി ജീവിക്കുന്നുവോ അത്രത്തോളം നാം അവനെ സ്നേഹിക്കുകയും സേവിക്കുകയും അവനിൽ വിശ്വസ്തത പുലർത്തുകയും അവനെ മാത്രം ആശ്രയിച്ച് ജീവിക്കുകയും ചെയ്യുന്നു. ലോകത്തേയും പാപത്തേയും അതിജീവിക്കുന്നതിനും വിജയം കണ്ടെത്തുവാനും അവനെ മാതൃകയാക്കുകയും ചെയ്യണം. അങ്ങനെ നാം ചെയ്താൽ ക്രിസ്ത്യാനിയായിത്തീരുന്നതിൽ അഥവാ ജീവിക്കുന്നതിൽ നാം ആനന്ദം കണ്ടെത്തും അപ്പോൾ നമ്മുടെ ക്രിസ്തീയ ജീവിതം സുഗമമായിത്തുരുകയും ചെയ്യും. ആരാധനാശീലവും പരസ്പര സ്നേഹത്തോടെയുള്ള സേവനവും, ധാർമ്മികമായ സ്വഭാവവും, യോഗ്യമായ വസ്ത്രധാരണവും, സംസാരവും നമ്മെ ക്രിസ്തുവിനെ പിൻപറ്റുന്നതിന് എളുപ്പമാക്കിത്തീർക്കും. യുവാക്കളായ ക്രിസ്ത്യാനികളെ പരീക്ഷണങ്ങൾ അലട്ടിയിരുന്നത് പിന്നീട് അവരുടെ ജീവിതത്തിൽ അവ പ്രതിസന്ധിയുളവാക്കാതിരിക്കുന്നു. നാം എത്രകാലം ജീവിക്കുന്നുവോ അത്രയും കൂടുതൽ കർത്താവിനുള്ള നമ്മുടെ ആവശ്യകതയെ ബോധ്യമുള്ളവരായിത്തീരുകയും നാം കൂടുതൽ വിശ്വസ്തരായി ജീവിക്കണമെന്നുള്ള മഹത്തായ ദൈവത്തിന്റെ ഇച്ഛയെ നാം പ്രായോഗികമാക്കുകയും ചെയ്യും.

ക്രിസ്തീയ ജീവിതം നയിച്ചെങ്കിൽ എന്ന് നിങ്ങൾ ആശ്ചര്യപ്പെടുന്നുണ്ടോ? നിഷേധാത്മകങ്ങളായ ഒഴിവുകഴിവുകൾ ഉപേക്ഷിച്ച് യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുമ്പോൾ അതു ഒരു വ്യക്

തിക്കു മാത്രമല്ല പ്രയോജനപ്പെടുന്നത് എന്ന് നാം ഓർമ്മിക്കണം. എന്റെ പ്രിയസ്നേഹിതരേ, ക്രിസ്ത്യാനിയാകാതിരിക്കുന്നതിനേക്കാൾ ക്രിസ്ത്യാനിയായിത്തീരുന്നതാണ് വളരെ എളുപ്പം. ഭൗതികമായ ഏതൊരു ജോലിയേയും പോലെയാണ് ക്രിസ്തീയ ജീവിതവും. കൂടുതൽ ചെയ്താൽ കൂടുതൽ അതിനെക്കുറിച്ച് നിങ്ങൾ അറിയും. ചെയ്യാതിരുന്നാൽ അതിനെക്കുറിച്ചുള്ള വിവരം നിങ്ങൾക്കുണ്ടാകയില്ല. ഏറ്റവുമധികം ആ ജോലിയിൽ നിങ്ങൾക്കുള്ള പ്രാവീണ്യം തെളിയിക്കുവാൻ നിഷ്പ്രയാസം കഴിയും. എന്നാൽ പലരേയും ബാധിക്കുന്ന പ്രശ്നം, അവരുടെ തോന്നലുകളിൽ മാത്രം അഭയം പ്രാപിക്കുമെന്നതാണ്.

തെറ്റു ചെയ്യുവാനുള്ള അഭിവാഞ്ഛ നിലനിൽക്കുന്നേടത്തോളം ചിലർക്ക് ക്രിസ്തീയ ജീവിതം പ്രയാസമാണെന്നുള്ള വാദത്തിൽ നില്ക്കേണ്ടിവരും. അലസതയുള്ളവർക്ക് ഒന്നും ചെയ്യുവാനുള്ള കരുത്തുണ്ടാകയില്ല. എല്ലാററിൽ നിന്നും ഒഴിഞ്ഞുമാറി നില്ക്കുന്നത് ആത്മാർത്ഥതയില്ലായ്മയോ ഭീരുത്വമോ ആകാം. അങ്ങനെയുള്ളവർ ക്രിസ്തുവിന് പ്രയോജനമുള്ളവരല്ല. ക്രിസ്തീയ ജീവിതം പ്രവർത്തന നിരതമായിരിക്കണം. കാരണം യേശുക്രിസ്തു ഈ ഭൂമിയിൽ ജീവിച്ചപ്പോൾ അവൻ സമയം ഒട്ടും പാഴാക്കിയിരുന്നില്ല. അവസരങ്ങൾ ശരിയായി ഉപയോഗിക്കുക തന്നെ ചെയ്തു. നാം അവന്റെ ജീവിതത്തെയാണ് അനുകരിക്കേണ്ടത്. ക്രിസ്ത്യാനികൾ എന്നു പറഞ്ഞു നടക്കുന്നവരെയല്ല; മറിച്ച് കർത്താവിന്റെ അതേ ജീവിതമാണ് നാം പിൻപറേറണ്ടത്. ഇതിൽ നിന്നും ക്രിസ്തീയ ജീവിതം, മനസ്സുള്ളവർക്ക് വളരെ എളുപ്പമാണെന്നു മാത്രമല്ല; അതല്ലാതെ വേറൊരു ജീവിതത്തിലും ദൈവം പ്രസാദിക്കുന്നില്ല എന്നു കൂടെ നാം മനസ്സിലാക്കിയിരിക്കണം. അപ്രകാരം ജീവിച്ചാൽ നമുക്ക് നിത്യമായ ഒരു ജീവൻ ദൈവത്തിൽ നിന്നും പ്രാപിക്കാം. അല്ലെങ്കിൽ നിത്യശിക്ഷാവിധിയും അനുഭവിക്കേണ്ടി വരും. O

# ക്രിസ്തുവിന്റെ സഭ നിങ്ങളെ വന്ദനം ചെയ്യുന്നു

പലരും വിചാരിക്കുന്നത് ക്രിസ്തുവിന്റെ സഭ അഥവാ ചർച്ച് ഓഫ് ക്രൈസ്ററ് ഒരു നാമധേയ വിഭാഗമാണെന്നാണ്. എന്നാൽ യേശുക്രിസ്തുവിന്റെ സഭ അത്തരത്തിലുള്ള ഒരു വിഭാഗമല്ല. അതു വിഭാഗിക്കുവാൻ സാദ്ധ്യമല്ല. ഈ പ്രസിദ്ധീകരണങ്ങളിൽ ഞങ്ങളുടെ ഉദ്ദേശം തന്നെ ഉത്സാഹത്തോടെ സത്യം അന്വേഷിക്കുകയാണ്. സത്യം നിങ്ങൾ അറിയും എന്ന യേശുക്രിസ്തു

വിന്റെ പ്രസ്താവന ഞങ്ങൾ വിശ്വസിക്കുന്നു. ദൈവവചനം പഠിക്കുന്നതിലൂടെ ദൈവത്തിന്റെ രക്ഷാ സന്ദേശം ലഭിക്കേണ്ടതിന് നിങ്ങളുടെ ഹൃദയം തുറക്കപ്പെട്ടു എന്നാണ് ഞങ്ങളുടെ നിരന്തരമായ പ്രാർത്ഥന. ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ലക്ഷക്കണക്കിന് ഇടവകകൾ എല്ലാം തന്നെ തിരിച്ചറിയേണ്ടത് പുതിയ നിയമ വിശ്വാസത്തിലും പരിശീലനത്തിലും, നാമത്തിലും ആണ്. ഇതിൽനിന്നും വ്യത്യസ്ഥമായി കാണുന്നതൊന്നും ക്രിസ്തുവിന്റെ സഭയല്ല. ഒന്നാം നൂറ്റാണ്ടിൽ കാണപ്പെട്ട സഭയുടെ അതേ സ്വഭാവം ഇപ്പോഴും കാണപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ മനുഷ്യർ ആ ഘടനക്കും രൂപത്തിനും നാമത്തിനും മാററം വരുത്തി. എന്നിട്ടും അവരുടെ അവകാശം അതും ക്രിസ്തുവിന്റെ സഭ തന്നെയാണെന്നാണ്. മനസ്സിരുത്തി ചിന്തിക്കുന്നവർക്ക് ഇതിൽ കാണുന്ന പാകപ്പിഴകൾ കണ്ടെത്താം. അന്ധമായി എന്തും അനുകരിക്കുന്നവർക്ക് അതു സാദ്ധ്യമല്ല.

മതപരമായി ഒരു പുനരേകീകരണത്തിനാണ് ഞങ്ങളുടെ അഭ്യർത്ഥന. നാമധേയ വിഭാഗത്തെയോ കത്തോലിക്കാസഭയേയോ നവീകരിക്കുകയല്ലാ ഇന്നാവശ്യം. അതിനപ്പുറമായി A D 33 ലേക്ക് തിരിച്ചു ചെന്ന് അന്ന് യെരുശലേമിൽ അപ്പോസ്തലൻമാരുടെ കാലയളവിൽ സംഭവിച്ചതെന്തെന്ന് നോക്കുക. അന്ന് സഭയോട് ആളുകൾ എങ്ങനെ ചേർക്കപ്പെട്ടു, അവരുടെ വിശ്വാസവും, ആരാധനയും പ്രവൃത്തിയും എന്തായിരുന്നു? ഇതെല്ലാം നാം കണ്ടെത്തണം. ഈ ഒരു പരിജ്ഞാനത്തിൽ നാം മററുള്ളവരെ പഠിപ്പിച്ചാൽ 1988ലും ക്രിസ്തുവിന്റെ സഭ കണ്ടെത്താൻ കഴിയും. ബൈബിൾ അനുസരിച്ചുള്ള ജീവിതമായിരിക്കണം എല്ലാവരിലും ഉണ്ടായിരിക്കേണ്ടത്. ഞങ്ങൾ നിങ്ങളെ വന്ദനം ചെയ്യുന്നത് നിങ്ങൾ എല്ലാവരും ദൈവത്താൽ നിയന്ത്രിക്കപ്പെടുന്ന ക്രിസ്ത്യാനികൾ എന്ന അനുഗ്രഹീത പദവിയിലേക്ക് ഉയരണം. ഐക്യതക്കുവേണ്ടിയുള്ള ഒരു അപേക്ഷയുമായാണ് ഞങ്ങൾ നിങ്ങളെ വന്ദനം ചെയ്യുന്നത്. നാമധേയ വിഭാഗങ്ങളുടെ യോജിപ്പല്ല ഇവിടെ ഉദ്ദേശിക്കുന്നത്. യഥാർത്ഥമായി നമ്മുടെ വിശ്വാസപ്രമാണവും പരിശീലനവും യേശുക്രിസ്തുവിൻമേലും അവന്റെ വചനത്തിൻമേലും അടിസ്ഥാനപ്പെടുത്തിയുള്ള ഐക്യമായിരിക്കണം. മാനുഷികമായ കൂട്ടുചേർക്കലും പാരമ്പര്യവും പുറകിൽ ഉപേക്ഷിച്ച് ബൈബിൾ മാത്രം എടുത്താൽ മതി എന്ന തീരുമാനത്തിൽ ഉറച്ചുകൊണ്ടുവേണം ഓരോരുത്തരും ഇത്തരം കൂട്ടായ്മയിലേക്കു കടന്നു വരുവാൻ. അങ്ങനെ വിശ്വസിക്കുകയും, പഠിപ്പിക്കുകയും പരിശീലിക്കുകയും ചെയ്യുമ്പോൾ യേശുക്രിസ്തു പ്രാർത്ഥിച്ചതുപോലെ നാം വാസ്തവമായി ഒന്നായിത്തീരുന്നു (യോഹന്നാൻ 17: 19–21).

''നിങ്ങളുടെയിടയിൽ ഭിന്നത ഭവിക്കാതെ ഒന്നുതന്നെ സംസാരിക്കുകയും നിങ്ങൾ എല്ലാവരും ഏകാഭിപ്രായത്തിലും ഏക മനസിലും

യോജിച്ചിരിക്കയും വേണമെന്നു കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോടു പ്രബോധിപ്പിക്കുന്നു" എന്നാണ് അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്ക് എഴുതുമ്പോൾ പറഞ്ഞത് (1 കൊരിന്ത്യർ 1:10). അപ്പോസ്തലൻമാരും മററു ശിഷ്യൻമാരും ഇതു പ്രാവർത്തികമാക്കിയിരുന്നു. അതിനാൽ അന്ന് ഭിന്നത ഒഴിവാക്കുവാൻ കഴിഞ്ഞു. അപ്പോസ്തലനായ പൗലോസ് ഏതു സഭയിലും എവിടെയും സംസാരിച്ചിരുന്നത് ഒന്നുതന്നെ. ദൈവവചനപ്രകാരമുള്ള സഭയിലേക്ക്, വിശ്വാസം, ആരാധന, പരിശീലനം എന്നിവ ദൈവഹിതപ്രകാരം ആയിരിക്കുന്നതിന് നിങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

# കർത്താവ് ഉണ്ടെന്നു അനുമാനിക്കുന്നോ?

ഡീലാർഡ് തർമാൻ

യേശു ഗലീലയിൽ പ്രസംഗങ്ങളും പഠനങ്ങളും ആരംഭിച്ചപ്പോൾ അവന്റെ പ്രശസ്തി ദൂരസ്ഥലങ്ങളിലേക്കു പെട്ടെന്നു വ്യാപിച്ചു. പുരുഷാരം അവനെ ശ്രവിക്കുന്നതിനായി തടിച്ചു കൂടി. "ഗലീല, ദെക്കപ്പൊലി, യെരൂശലേം, യഹൂദ്യ, യോർദ്ദാനക്കരെ എന്നീ ഇടങ്ങളിൽനിന്നു വളരെ പുരുഷാരം അവനെ പിൻതുടർന്നു. (മത്തായി 4:25). യേശു പ്രസംഗിച്ച സ്ഥലത്തൊക്കെ പുരുഷാരം തടിച്ചുകൂടി. സാധാരണക്കാർ സന്തോഷത്തോടുകൂടി അവന്റെ വചനങ്ങൾ കേട്ടു. ദൈവത്താൽ അംഗീകരിക്കപ്പെട്ട അടയാളങ്ങൾ അവന്റെ കൂടെ ഉണ്ടായിരുന്നു. അതുകൊണ്ട് പരീശൻമാരുടെ കൂട്ടത്തിലുള്ള യഹൂദ പ്രമാണിയായ നിക്കൊദെമോസ് പറഞ്ഞു. "റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. ദൈവം തന്നോടു കൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങൾ ചെയ്വാൻ ആർക്കും കഴിയുകയില്ല." (യോഹ 9:2) "പുരുഷാരം ദൈവവചനം കേൾക്കേണ്ടതിനു അവനെ തിക്കിക്കൊണ്ടിരുന്നു" (ലൂക്കൊ 5:1) എന്നാ ബൈബിളിൽ വിശദമായി പറയുന്നു. "മനുഷ്യപുത്രനു തല ചായ്ക്കുവാൻ സ്ഥലം ഇല്ലായിരുന്നു" എന്നു യേശുവിനു പറയാൻ കഴിഞ്ഞിരുന്നു. എന്നാൽ ഒരു കാര്യം അവനെ ശ്രദ്ധിക്കുവാൻ ഒരു കൂട്ടം ആളുകളുടെ കുറവ് ഒരിക്കലും ഉണ്ടായിരുന്നില്ല. അവൻ പോയ സ്ഥലത്തെല്ലാം ഒരുകൂട്ടം ആളുകൾ അവനെ ശ്രവിക്കുന്നതിനും അവന്റെ അത്ഭുതപ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതി

ന്നും അവനെ പിൻതുടർന്നു. കാരണം ""അവന്റെ വചനങ്ങൾ അധികാരത്തോടെ ആകയാൽ അവർ അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. (ലൂക്കൊ 4:32).

## യേശു വ്യക്തിപരമായി ഇന്നു സന്ദർശിക്കുന്നില്ല!

ഇന്നു ദൈവപുത്രൻ പട്ടണങ്ങളെയോ ഗ്രാമങ്ങളെയോ വ്യക്തിപരമായി സന്ദർശിക്കുന്നില്ല. എന്നാൽ പകരം വ്യക്തമായും സംക്ഷിപ്തമായും അവന്റെ പുത്രനാലും അപ്പൊസ്തലൻമാരാലും പ്രബോധിപ്പിക്കപ്പെട്ട വാക്കുകളാൽ രക്ഷയുടെ നിബന്ധനകൾ വെളിപ്പെടുത്തിയിരിക്കുന്നു. നമ്മുടെ രക്ഷയുടെ സുവിശേഷം വ്യത്യാസപ്പെടുത്തുന്നതിനോ മാറ്റുന്നതിനോ ആർക്കും അധികാരമില്ല. ''എങ്കിലും ഈ അത്യന്ത ശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിനു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നുള്ളത്'' (2കൊരി 4:7) എന്ന പൗലോസ് ദൃഢമായി പറയുന്നു. എന്നാൽ നമ്മുടെ പ്രതിപ്രവർത്തനങ്ങൾ എന്തായിരിക്കുമെന്നു നമുക്കു ചിന്തിക്കാം. 1950 വർഷങ്ങൾക്കുമുമ്പേ ഗലീലപട്ടണത്തിൽ പ്രവർത്തിച്ചതുപോലെ നമ്മുടെ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും വന്നു നമ്മോടു പ്രസംഗിച്ചാൽ നമ്മുടെ പ്രതികരണം എന്തായിരിക്കും? അവർ ചെയ്തതുപോലെ നാം തള്ളിഞെരുങ്ങി അവന്റെ പാദങ്ങളിൽ വീഴുമോ? നാം എന്തു ചെയ്യുമായിരുന്നു. നാം അവന്റെ പഠനങ്ങളെക്കുറിച്ചു എന്തു പറയുമായിരുന്നു? സ്വയം ചിന്തിക്കുക.

## യേശു സഭ കെട്ടിപ്പടുക്കുന്നതിനു വന്നു എങ്കിൽ?

യേശു നിങ്ങളുടെ സമൂഹത്തിലേക്കു വന്നു വ്യക്തിപരമായി അവന്റെ സഭ സ്ഥാപിക്കുവെന്നു നിങ്ങൾ അനുമാനിക്കുക. അവൻ സത്യത്തിലേക്കു വിരൽ ചൂണ്ടുകയും ചെയ്യുന്നു. ''നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു''വെന്നു പത്രോസ് മലമുകളിൽ വച്ചു പ്രസ്താവിച്ചു. ഇതിനു മറുപടിയായി യേശു പറഞ്ഞു ''ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും'' (മത്താ: 16:16–18). ഈ സാഹചര്യത്തിൽ ഒരു സഭ മറ്റേതിനേക്കാൾ മെച്ചപ്പെട്ടതാണെന്നു യേശുവിനോടു നിങ്ങൾ തർക്കിക്കുമോ? ലൂഥർ, കാൽവിൻ, വെസ്ലി തുടങ്ങിയവർ നിർമ്മിച്ച സഭ ദൈവപുത്രൻ നിർമ്മിച്ച സഭയേക്കാൾ മേൻമയേറിയതാണെന്നു യേശുവിനോടു നിങ്ങൾ വാദിക്കുമോ? യേശുവിനെ ഉദ്ധരിച്ചുകൊണ്ടു പൗലോസ് തന്റെ പ്രബോധനത്തിൽ ഇപ്രകാരം പറയുന്നു. ''ക്രിസ്തു സഭയെ സ്നേഹിച്ചു. അതിനുവേണ്ടി അവൻ സ്വയം അവനെത്തന്നെ നൽകി'' (എഫെ 5:25). പിന്നെയും പറയുന്നു നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന

(പ്രവൃത്തി 20:28) ആ സഭയെക്കുറിച്ചു നിങ്ങൾ എന്തു പറയും? ഇതിനോടുള്ള നിങ്ങളുടെ ചിന്താഗതി എന്തായിരിക്കും? അവനെ നേരിടുമ്പോൾ സഭക്കുവേണ്ടി അവൻ നൽകിയ വില ഓർത്തു സഭയുടെ അകത്തുനിന്നു രക്ഷപ്പെടുന്നതിനേക്കാൾ എളുപ്പത്തിൽ സഭയുടെ പുറത്തുനിന്നു ഒരാളെ രക്ഷപ്പെടുത്തുവാൻ കഴിയുമെന്നു ഇനിയും നിങ്ങൾ തർക്കിക്കുമോ? ആ സഭയിൽമാത്രമേ ദൈവം മഹത്വീകരിക്കപ്പെടുകയുള്ളുവെന്നു കർത്താവ് പ്രസംഗിച്ചുവെന്നു അനുമാനിക്കുക. (എഫെ: 3:21) എന്നാൽ നിങ്ങൾ ഇപ്പോഴും നഗരത്തിലെ ക്ലബ്ബുകളിലും ലോഡ്ജുകളിലും വച്ചു അവനെ മഹത്വീകരിക്കാൻ ശ്രമിക്കുമോ?

## മത വിഭാഗങ്ങളെ അവൻ എതിർത്തുവെന്നു അനുമാനിക്കുന്നോ ?

യേശു നിങ്ങളുടെ സമൂഹത്തിലേക്കു വന്നു അവൻ വിശുദ്ധമായി നിർമ്മിച്ചിട്ടില്ലാത്ത സഭയിലേക്കു പ്രവേശിച്ചവരെ ശിക്ഷിക്കുന്നുവെന്നു അനുമാനിക്കുക. അങ്ങനെയാണെങ്കിൽ അവൻ എന്തു പറയും? സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞു പോകും. അവരെ വിടുവിൻ, അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ; കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും "(മത്താ: 15: 13–14). ഇതിന്റെ അടിസ്ഥാനത്തിൽ യേശുവിനു അനുകമ്പയും ഗ്രഹണശക്തിയും കുറഞ്ഞുവെന്നു നിങ്ങൾ വാദിക്കുമോ ? അവൻ സ്ഥാപിച്ച സഭയെക്കുറിച്ചുള്ള തത്വങ്ങൾക്കുവേണ്ടി വാദിക്കുന്നതിൽ അവൻ കൂടുതൽ നിയമാനുസൃതമായിരുന്നുവെന്നു മതനേതാക്കൾ അവനിൽ കുറ്റം ചുമത്തുമോ ?

കൂടാതെ യേശു പ്രാർത്ഥിച്ചു. തനിക്കുവേണ്ടിയല്ല. "ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിപ്പാൻ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ". (യോഹ: 17:20-21) ഈ പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ ലോകത്തെ ബാധിച്ചിരിക്കുന്ന മഹാമാരിയായ മത വിഭാഗങ്ങളെ പിൻതുടരുന്നതിനു നിങ്ങൾ ഇനി ശ്രമിക്കുമോ ? യേശു തീവ്രതയോടുകൂടി പ്രാർത്ഥിച്ചതിനു എതിരെ പ്രവർത്തിക്കുന്നതിനും വാദിക്കുന്നതിനും പിൻതാങ്ങുന്നതിനും നിങ്ങൾ ഇനി തയ്യാറാകുമോ ? അതോ അവൻ നിർമ്മിച്ച സഭയുടെ അംഗമാകുവാൻ നിങ്ങൾ പ്രയത്നിക്കുമോ ? അവൻ പ്രാർത്ഥിച്ച ഐക്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും വാദിക്കുന്നതിനും വേണ്ടി നിങ്ങൾ തയ്യാറാണോ ? നിങ്ങൾ വ്യക്തിപരമായ

യേശുവിനെ ശ്രവിക്കുന്നുവെങ്കിൽ ഐക്യത്തിനുവേണ്ടി പ്രാർത്ഥിക്കുക. മതപരമായി ലോകം ഒന്നിക്കുന്നതിനു അവൻ പ്രസംഗിച്ച സത്യത്തിന്റെ തത്വങ്ങളെ നിങ്ങൾ അന്വേഷിക്കുമോ?

## സ്നാനത്തെക്കുറിച്ചു യേശു സംസാരിച്ചുവെന്നു അനുമാനിക്കുന്നോ?

യേശു നിങ്ങളുടെ പട്ടണത്തിലൊ ഗ്രാമത്തിലോ വ്യക്തിപരമായി പ്രത്യക്ഷപ്പെട്ടു "വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടു" (മർക്കൊ. 16:16) മെന്ന് വാഗ്ദാനം ചെയ്യുന്നുവെന്നു അനുമാനിക്കുക. നിങ്ങൾ അവനോടുകൂടി അതേ പ്ലാറ്റ്ഫോമിൽ കയറിനിന്നു അവനെ വിശ്വസിക്കുന്നുവെന്നും സ്നാനപ്പെടുത്താതെ രക്ഷിക്കാമെന്നും പ്രസ്താവിക്കാമോ? അല്ലെങ്കിൽ അവനിൽ വിശ്വസിച്ചാൽ രക്ഷപ്പെട്ടുവെന്നും ആഗ്രഹിക്കുന്നുവെങ്കിൽ മാത്രം സ്നാനപ്പെട്ടാൽ മതിയെന്നും നിങ്ങൾ പ്രസ്താവിക്കുവാൻ തയ്യാറാകുമോ? അവനെ വിശ്വസിച്ചു സ്നാനപ്പെടുന്നവൻ രക്ഷിക്കപ്പെടുമെന്നു യേശു പറയുമ്പോൾ "അതിന്നു വ്യാഖ്യാനിക്കുവാൻ ധാരാളം വഴികൾ ഉണ്ടെന്നു" നിങ്ങളുടെ കുടുംബത്തോടും സ്നേഹിതൻമാരോടും നിങ്ങൾ പറയുമോ? രക്ഷപ്പെടുന്നതിനു ആഗ്രഹിക്കുന്ന എല്ലാവർക്കും അവന്റെ പ്രസ്താവന മുഴുവനായി മനസിലായില്ലായെന്നു അവനിൽ നോക്കിക്കൊണ്ടു പറയുമോ? ഈ വിഷയത്തിൽ അവന്റെ പഠനത്തിൽ ദൈവപുത്രനോടു നിങ്ങൾ തർക്കിക്കുമോ?

## അപ്പോസ്തലൻമാർ പ്രത്യക്ഷപ്പെടുമെന്നു അനുമാനിക്കുന്നോ?

പത്രോസും പൗലോസും യോഹന്നാനും മററു അപ്പോസ്തലൻമാരും നിങ്ങളുടെ സ്ഥലങ്ങളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും വന്നു 1950 വർഷങ്ങൾക്കുമുമ്പേ പ്രസ്താവിച്ച അതേ സിദ്ധാന്തങ്ങളും, വിശ്വാസങ്ങളും, ആചാരങ്ങളും ഉൾക്കൊള്ളുന്ന ഒരു സഭ കെട്ടിപ്പടുക്കുന്നുവെന്നു അനുമാനിക്കുക! അവർ പടുത്തുയർത്തുന്ന സഭക്കു പുതിയ ഉടമ്പടിക്കു യോജിച്ച അംഗത്വനിബന്ധനകൾ സംഘടനാ, ആരാധനാക്രമം, പേര് തുടങ്ങിയ എല്ലാകാര്യങ്ങളും അവർ പ്രസ്താവിക്കുന്നുവെന്നു അനുമാനിക്കുക. എങ്കിൽ നിങ്ങൾ അവരെ നിങ്ങളുടെ മദ്ധ്യേ സ്വാഗതം ചെയ്യുമോ? അവരേയും അവരുടെ സന്ദേശങ്ങളേയും ദയവോടുകൂടി സ്വീകരിക്കുവാൻ നിങ്ങൾ തയ്യാറാകുമോ? ക്രിസ്ത്യാനികൾ അപ്പോസ്തലൻമാരുടെ ഉപദേശങ്ങൾ കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു (പ്രവൃത്തി

2:42)വെന്നും, അതാണ് രക്ഷയുടെ സുവിശേഷമെന്നും നിങ്ങൾ സമ്മതിക്കുമോ? അതൊ നിങ്ങൾ അവരുടെ ശ്രമങ്ങളെ പരിഹസിക്കുമോ? അതൊ, അവർ പറഞ്ഞ ക്രിസ്തുവിന്റെ ഉപദേശങ്ങൾ പലതും വെട്ടിക്കുറച്ച് സഭയെ ചെറുതാക്കുമോ? അതൊ അവരുടെ പാദത്തെ മുഴുവനായി നിങ്ങൾ തിരസ്ക്കരിക്കുമോ? അതൊ ലോകത്തിൽ പുരാതന ക്രിസ്ത്യാനിത്വം വീണ്ടെടുക്കുന്നതിനായുള്ള മുഴുവൻ പ്രവർത്തനങ്ങളെയും നിങ്ങൾ എതിർക്കുമോ?

## യേശു അംബാസിഡർമാരെ അയച്ചുവെന്നു അനുമാനിക്കുന്നോ?

പൗലോസ്, പത്രോസ് തുടങ്ങിയ അപ്പോസ്തലൻമാർ നിങ്ങളുടെ സമൂഹത്തിലേക്കു ക്രിസ്തുവിന്റെ അംബാസിഡർമാരായി പ്രവേശിച്ചുവെന്നും പഴയ സുവിശേഷം പ്രസംഗിക്കുവാൻ ആരംഭിച്ചുവെന്നും അനുമാനിക്കുക. എന്നാൽ അവരോടും അവരുടെ സന്ദേശത്തോടും നിങ്ങളുടെ ചിന്താഗതി എന്തായിരിക്കും? ശക്തിയോടും അധികാരത്തോടുംകൂടി വിഭാഗങ്ങളെയും, വിഭാഗീയ കൂട്ടുകെട്ടുകളെയും പരിശ്രമങ്ങളെയും അവർ പ്രസംഗിച്ചുവെന്നു അനുമാനിക്കുക. അപ്പോൾ നിങ്ങൾ എങ്ങനെ പ്രതികരിക്കും? ഒരേ കാര്യം സംസാരിക്കുന്നതിനും വിഭാഗങ്ങൾ അനുവദിക്കാതിരിക്കുന്നതിനും, പൂർണ്ണമായി ഒരേ മനസിലും വിധിയിലും ഒന്നിക്കുന്നതിനും അവർ ആഹ്വാനം ചെയ്തുവെന്നു അനുമാനിക്കുക. ഇതു അസാദ്ധ്യമാണെന്നു നിങ്ങൾ അവരോടു വാദിക്കുമോ? ഞങ്ങൾക്കു ധാരാളം വ്യത്യസ്തമായ സഭകൾ ഉള്ളതിനാൽ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് സഭകളെ അവന്റെ തിരഞ്ഞെടുപ്പിനായി വിട്ടുകൊടുക്കുമോ? ഒരു ശരീരമേ ഉള്ളുവെന്നും അതിന്റെ തലവൻ യേശു ക്രിസ്തുവാണെന്നും ഈ അപ്പോസ്തലൻമാർ പഠിപ്പിച്ചുവെന്നു അനുമാനിക്കുക. എന്നാൽ അനേക വ്യത്യസ്തസഭകൾക്കുവേണ്ടി നിങ്ങൾ ഇപ്പോഴും വാദിക്കുമോ? ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നു. (എഫേ 5:23). ഇതു ക്രിസ്തുവിന്റെ ശിഷ്യൻമാർ പഠിപ്പിച്ചു. എന്നാൽ ഒരാൾ ശരീരത്തിന്റെ മററു ഭാഗങ്ങളിലൂടെയും രക്ഷപ്പെടുവാൻ കഴിയുമെന്നു നിങ്ങൾ വാദിക്കുമോ? അതൊ അവന്റെ സഭയിലെ ക്രിസ്തുവിന്റെ ആദ്ധ്യാത്മിക ശരീരത്തിലെ അംഗമായി, അവൻ തലവനാണെന്ന അവന്റെ അംഗീകാരത്തിനു കീഴ്വഴങ്ങി ജീവിക്കുമൊ?

## ആ മഹത്തായ അപ്പോസ്തലൻമാർ വന്നുവെന്നു അനുമാനിക്കുമോ ?

ഈ അപ്പോസ്തലൻമാർ നിങ്ങളുടെ സമൂഹത്തിലേക്കു കടന്നുവന്നു ദൈവ പുത്രനായ യേശുക്രിസ്തുവിനെയും അവന്റെ പു

നരുദ്ധാനത്തെയും കുറിച്ചു പ്രസംഗിച്ചുവെന്നു അനുമാനിക്കുക. അന്നു അവർ സുവിശേഷം പ്രസംഗിച്ചപ്പോൾ ഉണ്ടായ ഒരനുഭവം വിശദീകരിക്കുന്നു. "ഇതു കേട്ടിട്ട് അവർ ഹൃദയത്തിൽ കുത്തുകൊണ്ടു അപ്പോസ്തലൻമാരോട്; സഹോദരൻമാരായ പുരുഷൻമാരേ, ഞങ്ങൾ എന്തുചെയ്യേണ്ടു എന്നു ചോദിച്ചു." അപ്പോൾ അവർ പറഞ്ഞു "നിങ്ങൾ മാനസ്സാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അപ്പ: പ്ര: 2: 37–38). ഇതിനോടു നിങ്ങൾ എങ്ങനെ പ്രതികരിക്കും ? അനുസരിക്കുക എന്ന ആശയത്തെ നിങ്ങൾ പരിഹസിക്കുമോ ? അതോ അവന്റെ അപ്പോസ്തലൻമാരുടെ വാക്കുകളിൽ താഴ്മയോടും സമർപ്പണത്തോടുംകൂടി കർത്താവിനെ അനുസരിക്കുമോ ? അല്ലെങ്കിൽ പശ്ചാത്തപിച്ചു പ്രാർത്ഥിക്കുന്നതായികണ്ട ഒരാൾ നിങ്ങളോടു പറയുന്നു, "ഇനി താമസിക്കുന്നതു എന്ത് ? എഴുന്നേററു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏററു നിന്റെ പാപങ്ങളെ കഴുകിക്കളയുക." (അപ്പ: പ്ര: 12: 16). കർത്താവിന്റെ ഈ ഉത്തരവ് സ്വീകരിച്ചു ആവശ്യമില്ലാത്ത ചോദ്യങ്ങളൊന്നും കൂടാതെ അവനെ അനുസരിക്കുവാൻ തയ്യാറാകുമോ ? അതോ ജീവന്റെ വാക്കുകളെ തിരസ്ക്കരിച്ചു പാപത്തിൽ കാഠിന്യമായി തുടരുമോ ?

## പരിശുദ്ധ ധാത്മാവ് വന്നുവെന്നു അനുമാനിക്കുന്നോ?

നാം ഇപ്പോൾ അനുമാനിച്ച കാര്യങ്ങൾ ഉറപ്പിക്കുന്നതിനായി പരിശുദ്ധാത്മാവ് നിങ്ങളിലേക്കു വന്നുവെന്നു അനുമാനിക്കുക. പരിശുദ്ധാത്മാവിന്റെ ഉറപ്പും സാക്ഷ്യവും നിങ്ങൾ സ്വീകരിക്കുമോ ? പരിശുദ്ധാത്മാവ് നേരിട്ടു വെളിപ്പാടിലൂടെ പ്രവചനത്തിന്റെ കൂടുതൽ വാക്കുകൾ നിങ്ങൾക്കു തരുകയാണെങ്കിൽ അവന്റെ അടയാളങ്ങളും അതിശയങ്ങളും അത്ഭുതങ്ങളും നിങ്ങൾ സ്വീകരിക്കുമോ ? അതോ പരിശുദ്ധാത്മാവിന്റെ സാക്ഷ്യങ്ങൾ നിങ്ങൾ നിരസിക്കുമോ ? അതോ ഈ കാര്യങ്ങൾ പരിശോധിക്കുകയില്ലായെന്നും എന്റെ മതത്തോടു പരിപൂർണ്ണമായി തൃപ്തിപ്പെട്ടിരിക്കുന്നുവെന്നും പറഞ്ഞ് നിങ്ങൾ വാദിക്കുമോ ? സ്നേഹിതൻമാരേ, പ്രചോദിപ്പിക്കപ്പെട്ട മനുഷ്യരിലൂടെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയ കാര്യങ്ങളാണ് ഞങ്ങൾ നിങ്ങളോട് ഉദ്ധരിച്ചത്! ദൈവവാക്കുകളുടെ പരിശോധനയിലൂടെ നിങ്ങൾക്കു കീർത്തിയിൽ ശാശ്വതമായ സമ്പത്തുകൊണ്ടു വരുന്നതിനായി അവക്കു നിങ്ങളെ സഹായിക്കുവാൻ കഴിയും ! തെററായ അഭിപ്രായങ്ങളും

മുൻകൂട്ടിയുള്ള ആശയങ്ങളും മാറ്റി കളയുന്നതിനു ദൈവം നിങ്ങൾക്കു നൽകിയിട്ടുള്ള ബൈബിൾ എന്ന അവന്റെ വചനത്തിൽ ആശ്രയിക്കുന്നതിനു മാത്രം ഞങ്ങൾ നിങ്ങളോടു ആവശ്യപ്പെടുന്നു.

## ദൈവം നിനക്കു ഇതു നൽകുകയാണെങ്കിൽ?

പിതാവായ ദൈവവും പുത്രനായ യേശുക്രിസ്തുവും ബൈബിളിലൂടെ അവരുടെ ആത്മാക്കളുടെ പകർപ്പു നിങ്ങൾക്കു നൽകിയെന്നു അനുമാനിക്കുക. അതിനെ പൂർണ്ണമായി പിൻതുടരുന്നതിനു മതിയായ ബഹുമാനിക്കുകയും സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യുമോ? അപ്രകാരം ചെയ്യുമെങ്കിൽ കൊള്ളാം. അവർ വ്യക്തിപരമായി നമ്മോടു വരികയില്ല. എന്നാൽ ഇപ്പോൾ ദൈവം നമുക്കു നൽകിയിരിക്കുന്ന വിലയേറിയ ഭാഗധേയം പങ്കു വെക്കുന്ന അവരുടെ അംഗീകാരത്തോടുകൂടി മുദ്രവെച്ചു ഒപ്പുവച്ച ഈ പരിശുദ്ധ രേഖകൾ അവർ നമുക്കു നൽകിയിരിക്കുന്നു! ഈ പരിശുദ്ധ വേദപുസ്തകത്തിനോടു നിങ്ങളുടെ നിലപാട് എന്താണ്? ദൈവം ആജ്ഞാപിച്ച എല്ലാ കാര്യങ്ങളും അനുസരിച്ചുകൊണ്ടു നിങ്ങളുടെ സ്നേഹവും നന്ദിയും നിങ്ങൾ കാണിക്കുമോ? ഇന്നു ദൈവം നിങ്ങളെ നേരിടാൻ പോകുകയില്ല! എന്നാൽ ഈ ദിവസം പോലും വീഥിയിൽ ദൈവം നിങ്ങളെ നേരിടുവാൻ വിളിച്ചേക്കാം! ആ വിളിക്കു നിങ്ങൾ എങ്ങനെ ഉത്തരം പറയും? അവന്റെ ഇഷ്ടം ചെയ്യുന്നതിനു ഉത്സാഹത്തോടുകൂടി നിങ്ങൾ ശ്രമിച്ചുവെന്നു സത്യസന്ധതയോടുകൂടി നിങ്ങൾക്കു പറയാൻ കഴിയുമോ? ദൈവത്തെ നന്നായി ഉപചരിച്ചുവോ? സ്നേഹിതാ ഈ കാര്യങ്ങളിൽ നിങ്ങൾ ചിന്തിക്കുക. "നിങ്ങൾക്കു ആത്മീയ വർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു." (അപ്പോ: പ്ര: 20: 32)

# വിവാഹവും വിവാഹമോചനവും

"അതുകൊണ്ടു അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്." (മത്താ: 19:6).

## 1 ചില വ്യക്തമായ് ബൈബിൾ പറഞ്ഞവ

A "യഹോവയായ ദൈവം പറഞ്ഞതു: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും." (ഉല്പത്തി 2 : 18)

B ''അതുകൊണ്ടു പുരുഷൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ് ഭാര്യയോടു പററിച്ചേരും; അവർ ഏക ദേഹമായി തീരും.'' (ഉല്പത്തി 2: 24)

C ''ഭാര്യമാരേ, കർത്താവിനു എന്നപോലെ സ്വന്ത ഭർത്താക്കൻമാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിൻെറ രക്ഷിതാവായി സഭക്കു തലയാകുന്നതുപോലെ ഭർത്താവ് ഭാര്യക്കു തലയാകുന്നു.'' (എഫെ: 5: 22, 23)

D ''ഭർത്താക്കൻമാരേ, ക്രിസ്തുവും നമ്മെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ;'' (എഫെ: 5: 25)

E ''മക്കളേ, നിങ്ങളുടെ അമ്മയപ്പൻമാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ.'' (എഫെ: 6:1)

F ''പിതാക്കൻമാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിൻെറ ബാല ശിക്ഷയിലും പത്ഥ്യോപദേശത്തിലും പോററി വളർത്തുവിൻ.'' (എഫെ: 6:4)

## 2 വിവാഹത്തിനുവേണ്ടിയുള്ള ദൈവത്തിൻെറ ആസൂത്രണം—

A ഇത് ഒരു പരിശുദ്ധമായ സ്ഥാപനമാകുന്നു. (ഉല്പത്തി 2: 24)

B ഇത് ഏക ഭാര്യാത്വത്തിൽ ആകുന്നു. (1 കൊരി: 7:2)

C ഇത് ആകൃതിയിൽ ഉല്പാദന ശേഷിയുള്ളതാകുന്നു. (ഉല്പത്തി 1: 28)

D കുടുംബനാഥൻെറ കീഴിലുള്ള ഒരു ഭരണസംവിധാനമാണ് ഇത്. (1 തിമോ: 2: 13)

E ആദ്ധ്യാത്മികമായി ഇത് മതപരമാകുന്നു. (ആവ: പു: 6: 7, സങ്കീ: 22: 6)

F പ്രകൃതിയിൽ ഇത് അലിഞ്ഞു ചേരാത്തതാകുന്നു. (1 കൊരി: 7: 39)

## 3 വിവാഹത്തിൻെറ ഉദ്ദേശം എന്താകുന്നു ?

A പങ്കാളിത്വത്തിനുവേണ്ടി (ഉല്പത്തി : 2: 18)

1 അവൻെറ വിജയത്തിൽ അവനോടൊപ്പം സന്തോഷിക്കുന്നതിന്

2 നിരാശയുടെയും ദുഃഖത്തിൻെറയും സമയങ്ങളിൽ അവനോടു കൂടി ആനുതപിക്കുന്നതിന്.

3 ക്രിസ്തീയ ജീവിതം നയിക്കുന്നതിന് പരസ്പരം സഹായിക്കുന്നതിന്.

B ഉല്പാദനക്ഷമതക്കുവേണ്ടി (ഉൽപ 1:28)

C പാപത്തെ ഒഴിച്ചു നിർത്തുന്നതിന് (കൊരി 7:2)

4 എന്തുകൊണ്ട് ആളുകൾ വിവാഹം കഴിക്കുന്നു?

A സ്നേഹത്തിനും കൂട്ടായ്മക്കും സംരക്ഷണത്തിനും വേണ്ടി

B സാമൂഹ്യവും സാമ്പത്തികവുമായ സുരക്ഷിതത്വം

C കുട്ടികൾക്കും വീടിനും വേണ്ടിയുള്ള ആഗ്രഹം

D പണത്തിനോ പകക്കോ വേണ്ടി ചിലർ വിവാഹം കഴിക്കുന്നു

E ചിലരുടെ പ്രധാന താൽപ്പര്യം ലൈംഗിക ആകർഷണമാകുന്നു

F സാഹസികതയും പ്രണയബന്ധവും

G സാമൂഹ്യമായ പ്രത്യാശ

H വീട്ടിലെ ചുററുപാടുകളിൽ നിന്നു രക്ഷപ്പെടുന്നതിന്

5 എന്തുകൊണ്ട് വിവാഹം ഗൗരവമേറിയ കച്ചവടമാകുന്നു

A ദൈവം വിവാഹത്തിന്റെ കാരണഭൂതനാകുന്നു

B ഇത് ജീവാവസാനം ആകുന്നു—മരണം അവരെ വേർപ്പെടുത്തുന്നതുവരെ

C ഭാവി വംശത്തെ പരിപോഷിപ്പിക്കുന്നത് ഇത് ഉൾക്കൊള്ളുന്നു

6 വിവാഹമോചനത്തിന്റെ സ്ഥിതിവിവരകണക്കുകൾ

A 1980 ൽ 16.9 വിവാഹങ്ങൾക്കു ഒരു വിവാഹമോചനം ആയിരുന്നു. 1946 ൽ 3.2 വിവാഹങ്ങൾക്കു ഒരു വിവാഹമോചനം ആയിരുന്നു. ഇന്ന് 4 വിവാഹങ്ങൾക്കു ഉദ്ദേശം ഒരു വിവാഹമോചനം ആകുന്നു

B 1919 ൽ അമേരിക്കയിൽ 141,000 വിവാഹമോചനങ്ങൾ ഉണ്ടായിരുന്നു. 1946ൽ ഇത് 550,000 ആയിരുന്നു

C 1900 മുതൽ 1941 വരെ അമേരിക്കയുടെ ജനസംഖ്യ 90% വർദ്ധിച്ചു. അതേ കാലയളവിൽ വിവാഹനിരക്ക് 100% വർദ്ധിച്ചു. വിവാഹമോചന നിരക്ക് 450% വർദ്ധിച്ചു. ഇതേ കുറിച്ചു ചിന്തിക്കുമോ?

7 വിവാഹമോചനവും പുനർവിവാഹവും

A രണ്ടുപേർ വിവാഹം ചെയ്തിട്ട് ബൈബിളിൽ പറയാത്ത കാരണങ്ങളാൽ വിവാഹമോചനം ചെയ്തു രണ്ടുപേരും പുനർവിവാഹം ചെയ്യുകയാണെങ്കിൽ നാലുപേരും വ്യഭിചാരമെന്ന കുററത്തിൽ ജീവിക്കുന്നു.

1 നിരപരാധിയായ പങ്കാളിയെ ഉപേക്ഷിക്കുന്നവൻ (മത്താ 19:9)

2 ഉപേക്ഷിക്കുന്ന നിരപരാധി (മത്താ 5:32)

3. ഉപേക്ഷിക്കപ്പെട്ട നിരപരാധിയെ വിവാഹം ചെയ്യുന്ന ആൾ (മത്താ 19:2 ലൂക്ക് 16:18)

4 നിരപരാധിയായ പങ്കാളിയെ ഉപേക്ഷിച്ച ആളിനെ വിവാഹം ചെയ്യുന്ന ആൾ

B ആയതിനാൽ, പരസംഗം നിമിത്തം പങ്കാളിയെ ഉപേക്ഷിക്കപ്പെട്ട നിരപരാധിയായ വ്യക്തിക്കുമാത്രമേ വേദപുസ്തക

മനുസരിച്ചു പുനർവിവാഹം ചെയ്യുവാൻ കഴിയുകയുള്ളു.

8 എന്തുകൊണ്ട് ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളെ മാത്രമേ വിവാഹം കഴിക്കാവൂ?

A തനിക്കു മനസുള്ളവനുമായി വിവാഹം കഴിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. കർത്താവിൽ വിശ്വസിക്കുന്നവനുമായി മാത്രമേ ആകാവൂ (1കൊരി 7:39)

B നിങ്ങൾ അവിശ്വാസികളോടു ഇണയല്ലാപ്പിണകൂടരുത്. (2 കൊരി 7:14-18)

C രണ്ടുപേരും ക്രിസ്ത്യാനികളാണെന്നു ഒരുമിച്ചു ചിന്തിക്കുന്നതുവരെ എന്തുകൊണ്ട് പീറ്റർ, ഭാര്യയുടെയും ഭർത്താവിന്റെയും അവകാശങ്ങളെക്കുറിച്ചു സംസാരിക്കുന്നു. (1 പത്രോസ് 3:71)

D അവന്റെ വിവാഹനിയമം അവഗണിക്കപ്പെടുകയാണെങ്കിൽ കുട്ടികളെ ദൈവ ഭയത്തിൽ പരിശീലിപ്പിക്കുവാൻ കഴിയുകയില്ല (എഫെ 6:4)

E മിശ്രവിവാഹം എപ്പോഴും അപകടമുള്ളതാകുന്നു

1 ദൈവപുത്രൻമാർ മനുഷ്യപുത്രിമാരെ വിവാഹം കഴിച്ചു. ഈ മിശ്രവിവാഹങ്ങൾ മനുഷ്യനിൽ ക്രൂരത വലുതാക്കി. വളരെ വലിയവെള്ളപ്പൊക്കം ഭൂമിയിൽ കൊണ്ടുവന്നു (ഉൽപ്പ 6:15)

2 വിഗ്രഹാരാധകരുമായുള്ള വിവാഹം യഹൂദൻമാരെ വിലക്കുന്ന ദൈവത്തിന്റെ നിയമം വ്യക്തമായ നിബന്ധനകളിൽ പ്രസ്താവിക്കപ്പെട്ടു. (പുറ: 34: 12–15, ആ: പു: 7: 3–4)

3 അവന്റെ എല്ലാ അറിവുകളോടും കൂടിയ സോളമൻ വിഗ്രഹാരാധകരായ സ്ത്രീകളുടെ മദ്ധ്യേ ഒരു ക്രൂരനായ മടയനായി മാറി.

4 അയൽ രാജ്യങ്ങളുമായുള്ള മിശ്ര വിവാഹത്തിലൂടെ ഇസ്രായേൽ രാജ്യം വിഗ്രഹാരാധന കൊണ്ട് പൂരിതമായി. ദൈവ നിയമം ലംഘിച്ചതിന്റെ അതി ഭയങ്കരമായ പ്രതിഫലങ്ങൾ അവർ അനുഭവിച്ചു.

F വിവാഹത്തെ സംബന്ധിച്ചു പരിശുദ്ധമായ നിർദ്ദേശങ്ങൾ അറിവില്ലായ്മയിലൂടെയോ സ്വന്ത ഇഷ്ടത്താലോ അനുസരിക്കാതിരിക്കുന്ന ക്രിസ്ത്യാനികൾ ഇന്നു കടുത്ത അനുഭവങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു.

G നിങ്ങളുടെ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്നതിൽ സൂക്ഷ്മതയുള്ളവരായിരിക്കുക. എന്നാൽ മാത്രമേ നിങ്ങൾക്കു സന്തോഷവും ക്രിസ്തീയ അന്തരീക്ഷവും ഉണ്ടായിരിക്കുകയുള്ളു. ദൈവ സേവനത്തിൽ പൂർണ്ണമായതും ഉപയോഗപ്രദവുമായ ഒരു ജീവിതം നയിക്കുവാൻ കഴിയുകയുള്ളു.

# മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കണമോ ?

**എം. എസ്. ജോൺ ഇരിട്ടി**

മരണം മൂലം നമ്മെ വേർപെട്ടുപോയ നമ്മുടെ പ്രിയപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കുകയും വെച്ചു പൂജ നടത്തുകയും പിതൃപൂജ നടത്തുകയും ചെയ്യുന്ന പതിവ് സർവ്വസാധാരണമായി ചില ക്രിസ്തീയ സമുദായങ്ങളിൽപോലും ഇന്നും കണ്ടുവരുന്നു. മനുഷ്യന്റെ അന്ധതയ്ക്കും അനാചാരങ്ങൾക്കും അവനോളംതന്നെ പഴക്കം ഉണ്ടായിരിക്കണമല്ലോ. പൊന്നും ചിങ്ങമാസത്തിലെ പൊന്നോണാഘോഷങ്ങളിൽ മതിമറന്ന അനേകം സമ്പന്നകുടുംബങ്ങൾ, ഇന്ന് കീറത്തുണിയ്ക്കുപോലും വകയില്ലാതെ വെറും ദരിദ്രരായിത്തീർന്ന ചരിത്രങ്ങൾ നമ്മുടെ കേരളത്തിൽ അനവധിയാണ്. അന്ന് അവർ പാടി പുകഴ്ത്തിയിരുന്നത് ''കാണം വിറ്റും ഓണം ഉണ്ണണം'' എന്നായിരുന്നു. പക്ഷെ ഇന്നു പഴയതുപോലുള്ള തിരുവോണത്തിന്റെ ഉത്സവതിമർപ്പുകൾ എങ്ങും കാണാനില്ല. അതിലൊന്നും വലിയ കഴമ്പില്ലെന്നു ജനങ്ങൾക്ക് ബോദ്ധ്യമായിക്കഴിഞ്ഞു. 1969 വരെ ആകാശ വീഥായസിൽ കാണുന്ന ചന്ദ്രഗോളത്തെ അനേകരും ഒരു ദേവനായി സങ്കൽപ്പിച്ചിരുന്നു. എന്നാൽ ആധുനിക ശാസ്ത്ര പുരോഗതിയുടെ പരിണിതഫലമായി മനുഷ്യൻ ചന്ദ്രഗോളത്തിൽ കാലുകുത്തിയപ്പോൾ അന്നുവരെ ഉണ്ടായിരുന്ന മനുഷ്യന്റെ ധാരണകൾക്ക് ഇന്നു പാടെ വ്യതിയാനം വന്നിരിക്കയാണ്. കെട്ടുകഥകൾ ചമച്ചും, കിഴവിക്കഥകൾ പറഞ്ഞും, പിശാചുക്കളുടെ വികൃത രൂപഭാവങ്ങൾ പറഞ്ഞും കാണിച്ചും ജനഹൃദയങ്ങളെ ആകമാനം ഭയചകിതരാക്കി കാര്യസാദ്ധ്യം നേടുന്നവർ നമ്മുടെ ഇടയിൽ അനവധിയുണ്ട്.

എന്നാൽ വളരെയധികം അറിവുകളും, പരിഷ്ക്കാരങ്ങളും കൈവരിച്ച് സംസ്ക്കാരങ്ങളുടെ പാരമ്യോന്നതയിൽ എത്തിയിരിക്കുന്ന മനുഷ്യർ ഇന്നും അറിയായ്മയുടെ കാലത്തു അനുവർത്തിച്ചു വന്ന അജ്ഞതയുടെ മറശീല പാടെ നീക്കിക്കളയാൻ കഴിയാതിരിക്കുന്നതിന്റെ കാരണം എന്താണ് ? ഇന്നത്തെ ക്രിസ്തീയ സമുദായ തലങ്ങളിൽ ആകാത്തതും വേണ്ടാത്തതുമായ ഒട്ടനവധി അന്ധവിശ്വാസങ്ങളേയും, അനാചാരങ്ങളേയും ഊട്ടിവളർത്തി, അതിന്റെ ഉപദേശകൻമാർ ജനങ്ങളെ വഴിതെറ്റിച്ച് നിത്യനാശത്തിനു യോഗ്യരാക്കുന്നത് എന്തുകൊണ്ടാണ് ? ഇത് യഥാർത്ഥത്തിൽ ലോകത്തിന്റെ പ്രത്യാശയും പാപികളുടെ രക്ഷിതാവും നിത്യജീവന്റെ ഉറവിടവുമായ ദൈവത്തിന്റെ ഏക ജാതനായ യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കുകയോ അവന്റെ വചനം അനുസരിക്കയും ചെയ്യാത്തതുകൊണ്ടാണെന്നുള്ളതിന് തർക്കമേയില്ല. യോഹന്നാന്റെ സുവിശേഷത്തിൽ യേശുക്രിസ്തു പറയുന്നു. ''എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ

ശിഷ്യൻമാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രൻമാരാക്കുകയും ചെയ്യും (യോഹ. 8: 31-32).

ലോകത്തിൽ ആധിപത്യങ്ങളുകളും അവരുടെ മേൽ അധികാരം നടത്തുന്ന സഭാദ്ധ്യക്ഷൻമാരും നേതാക്കളും സർവ്വശക്തനായ ദൈവത്തിന്റെ സത്യവചനത്തിൽ നിലനിൽക്കാതെ വെറും ഭൗമീകമായ അധികാരങ്ങൾക്കും, മോഹങ്ങൾക്കും ലൗകിക സുഖഭോഗങ്ങൾക്കും കീഴ്പ്പെട്ട് അതിനേരത്തായ സുഖാനുഭൂതിയിൽ മതിമറന്നു രമിക്കുകയാണ്. ലൗകിക മേളക്കൊഴുപ്പുകളുടെ മാറ്റു വർദ്ധിപ്പിക്കുന്നതിന് സത്യത്തിനു നിരക്കാത്തതും ധർമ്മ വിരുദ്ധവുമായ അനവധി അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും പ്രഥമസ്ഥാനം നൽകി ദൈവനാമം കൂട്ടിച്ചേർത്തു ജനങ്ങളെ കബളിപ്പിക്കയും, വഞ്ചിക്കയും ചെയ്യുന്ന സംഭവങ്ങളാണ് ഇന്നധികവും. ആസാഫിന്റെ ഒരു സങ്കീർത്തന ധ്യാനത്തിൽ പറയുന്നത് "എങ്കിലും എന്റെ ജനം എന്റെ വാക്കു കേട്ടനുസരിച്ചില്ല; യിസ്രായേൽ എന്നെ കൂട്ടാക്കിയതുമില്ല; അതുകൊണ്ട് അവർ സ്വന്ത ആലോചനപ്രകാരം നടക്കേണ്ടതിനു ഞാൻ അവരെ ഹൃദയ കാഠിന്യത്തിനു ഏല്പിച്ചുകളഞ്ഞു (സങ്കീർത്തനങ്ങൾ 81: 11, 12). അതിന്റെ ഫലമായി ജനങ്ങൾ ഇന്നു സത്യത്തിനു വഴങ്ങാത്ത ഹൃദയ കാഠിന്യമുള്ളവരായി തീർന്നിരിക്കയാണ്.

ചില ക്രിസ്തീയ സമുദായങ്ങളിൽ നിലനിന്നു വരുന്നതു ആത്മീകത്വത്തിന്റെ പട്ടുശീലയിൽ പൊതിഞ്ഞ് കർമ്മപടുത്വത്തിന്റെ പരിവേഷം ചാർത്തി; യേശുക്രിസ്തുവിന്റെയോ തന്റെ അപ്പോസ്തലൻമാരുടെയോ ഉപദേശത്തിലോ പഠിപ്പിക്കലിലോ, അനുഷ്ഠാനങ്ങളിലോ കാണപ്പെടാത്ത വസ്തുതകൾ; സമുദായ മേധാവികളുടെ ഉപദേശ വശീകരണത്താൽ ജനങ്ങളെ പ്രീണിപ്പിച്ച് അനധികൃതമായി ആചരിച്ചു വരുന്ന ഒന്നാണു മരിച്ചുപോയവർക്കു വേണ്ടിയുള്ള പ്രാർത്ഥന. വെറും മർത്ത്യമായ പ്രസ്തുത അനാചാരത്തെ തിരുവചന സത്യങ്ങളുടെ വെളിച്ചത്തിൽ നിഷ്പക്ഷതയോടെ നമുക്കു പരിശോധിക്കയും, നമ്മുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ അതിനു വല്ല പ്രാധാന്യവും ഉണ്ടോയെന്നു മനസിലാക്കുകയും ചെയ്യാം.

മരണം; പൊതുവെ പറഞ്ഞാൽ ലോകത്തിൽ നിന്നും എന്നന്നേക്കുമായുള്ള നമ്മുടെ ഒരു വേർപാടാണ്. മരണം എന്ന വ്യക്തവ്യത്യസ്തമായ രണ്ടു അനുഭവങ്ങളെ വേദപുസ്തകം പ്രതിപാദിക്കുന്നു. ഒന്ന് "പാപത്തിന്റെ ശമ്പളം മരണമത്രേ" (റോമർ 6:23) ദൈവവ്യവസ്ഥക്ക് എതിരായി അധർമ്മം പ്രവർത്തിച്ചു ജീവിച്ചുമരിക്കുന്ന ഒരാൾക്ക് ലഭിക്കുന്ന പ്രതിഫലമായ ശമ്പളം എന്ന ശിക്ഷയാണ് മരണം. രണ്ടാമത്തേത് ദൈവത്തിന്റെ കല്പനകൾക്കും ഇഷ്ടങ്ങൾക്കും കീഴ്പ്പെട്ട് ദൈവമക്കളായി ജീവിക്കുന്നവരുടെ മരണാനന്തരത്തി

നു സമമാണ്. അത് ദൈവസന്നിധിയിൽ വില തീരാത്തതാണ്'' (സങ്കീർത്തനം 116:15): ആയതിനാൽ മരണം രണ്ടുവ്യത്യസ്ത സ്വഭാവ അനുഭവങ്ങളുടെ അന്ത്യഫലങ്ങളെ കാണിക്കുന്നു.

ഈ ഭൂമിയിൽ ഓരോരുത്തർ ഏർപ്പെടുന്ന ഏതുതരം തൊഴിലായിരുന്നാലും അതിന്റെ പദവി (credit) അനുസരിച്ചുള്ള പ്രതിഫലമായ വേതനം ലഭിക്കുന്നു. ഓരോരുത്തരുടെയും കഴിവ്, വിദ്യാഭ്യാസം, എന്നിവയുടെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിലിനെ വേർതിരിച്ചു കാണിക്കുന്നു, എന്നാൽ നാം എന്തു ചെയ്താലും എന്തായിരുന്നാലും ദൈവത്തെയും അവന്റെ പുത്രനായ യേശുക്രിസ്തുവിനെയും പ്രസാദിപ്പിക്കുന്നവരായി തീരേണ്ടത് ആവശ്യമാണ്. അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്കെഴുതിയ രണ്ടാംലേഖനത്തിൽ പറയുന്നു ''അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു'' (2 കൊരി 5:10). നമ്മുടെ ചിന്താവിഷയത്തിന് ഏററവും ബന്ധപ്പെട്ടതും വളരെ ശ്രദ്ധയോടും ചിന്തോദ്ദീപകവുമായ ദൈവവചനമത്രെ ഇത്. മത്തായി എഴുതിയ സുവിശേഷത്തിൽ നമുക്കു വായിക്കുവാൻ സാധിക്കുന്നത് ''മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതൻമാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം പകരം നൽകും. (മത്തായി 15:27).

മരിച്ചുപോയവരായാലും ജീവനോടിരിക്കുന്നവരായാലും മനുഷ്യർക്ക് അവന്റെ പ്രവർത്തികളുടെ ഒരു ന്യായവിധി ദൈവം നിയമിച്ചിട്ടുണ്ട്. സകല ആളുകളും അന്ന് ക്രിസ്തുവിന്റെ ന്യായപീഠത്തിങ്കൽ സന്നിഹിതരായേ മതിയാകൂ. ആ സമയത്തു ക്രിസ്തു വിധിചൊല്ലുന്നത് നാം ഓരോരുത്തരും മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവരും ജീവനോടിരിക്കുമ്പോൾ ചെയ്തതു നൻമയാകിലും, തിൻമയാകിലും പ്രവർത്തിച്ചതിനുതക്കവണ്ണമുള്ള പ്രതിഫലമാണ് അവൻ നൽകുന്നത്. '' ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്'' (വെളിപ്പാട് 22: 12). യഹോവയായ ദൈവം യിരെമ്യാ പ്രവാചകൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്യുന്നു. ''യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തന്നു അവനവന്റെ നടപ്പിനും പ്രവർത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു (യിരെമ്യ 17;10).

വേദപുസ്തകത്തിൽ ദൈവത്തിന്റെ വചനങ്ങളെ സസൂക്ഷ്മം ശോധനചെയ്തു പഠിക്കുന്ന ഏതൊരാൾക്കും ഗ്രഹിക്കാവുന്ന ഒരു

വസ്തുതയത്രെ. ജീവിച്ചിരിക്കുമ്പോൾ അവനവൻ ചെയ്യുന്ന പ്രവർത്തിക്കു തക്കവണ്ണം പ്രതിഫലം യേശുക്രിസ്തു ന്യായം വിധിക്കുന്ന നാളിൽ കൊടുക്കുന്നു എന്നു സത്യ ദൈവത്തിന്റെ ന്യായവിധി നാളിൽ നിന്നും, മരിച്ചുപോയവർക്കോ ജീവനോടിരിക്കുന്നവർക്കോ ആർക്കും തന്നെ ഒരവസരത്തിലും തെററി ഒഴിയാവുന്നതല്ല. മരിച്ചുപോയവരുടെ രക്ഷയ്ക്കുവേണ്ടി നമ്മൾ എത്രതന്നെ നോമ്പുകൾ എടുത്താലും നേർച്ചകാഴ്ചകൾ ദേവാലയങ്ങളിൽ കൊണ്ടുപോയി വാരിക്കോരി ചൊരിഞ്ഞാലും ആ പ്രിയപ്പെട്ടവരുടെ പേരിൽ കുർബ്ബാന ചൊല്ലിച്ചാലും നാല്പതടിയന്തിരം നടത്തിയാലും ആണ്ടുചാത്തം കഴിച്ചാലും ഒരു പ്രയോജനവും ഉണ്ടാകുകയില്ല. ദൈവം ഓരോരുത്തനും അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം പകരം കൊടുക്കുന്നു.

മരിച്ചുപോയവരുടെ പേരിൽ നടത്തപ്പെടുന്ന ഏതൊരു ആത്മീയ ശുശ്രൂഷകളും വെറും മിത്ഥ്യയും മൗഢ്യവും അന്ധതയും അനാചാരവുമാണ്. ഏതൊരു സമുദായമോ ഉപദേശകരോ അപ്രകാരമുള്ള ശുശ്രൂഷകൾക്ക് ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നെങ്കിൽ, അത് അവരുടെ ഭൗതികമായ സാമ്പത്തിക നേട്ടങ്ങളെ മാത്രം ഉന്നം വച്ചുകൊണ്ടുള്ളതായിരിക്കും. തിരുവചന സത്യങ്ങളുടെ അടിസ്ഥാനത്തിൽ അപ്രകാരമുള്ള പ്രക്രിയകൾക്ക് ആത്മീയമായ യാതൊരു കഴമ്പും ഇല്ല. ലൂക്കോസ് എഴുതിയ സുവിശേഷത്തിൽ യേശുക്രിസ്തു പറയുന്നു. ''ദൈവമോ മരിച്ചവരുടെ ദൈവമല്ല; ജീവനുള്ളവരുടെ ദൈവമത്രേ. എല്ലാവരും അവന്നു ജീവിച്ചിരിക്കുന്നുവല്ലോ ? (ലൂക്കോസ് 20: 38). അപ്രകാരംതന്നെ നൂററി പതിനഞ്ചാം സങ്കീർത്തനത്തിൽ ''മരിച്ചവരും മൌനതയിൽ ഇറങ്ങിയവർ ആരും യഹോവയെ സ്തുതിക്കുന്നില്ല (സങ്കീർത്തനം. 115: 17).

പ്രായവും ഭക്തിയുമുള്ള ഒരാൾ കുർബ്ബാന കഴിഞ്ഞു പള്ളിയിൽ നിന്നും വരുന്ന വഴിക്ക് എന്നോടു പറഞ്ഞ കാര്യം ഞാൻ ഈ അവസരത്തിൽ ഓർത്തു പോകയാണ്, ''അച്ചാ, ഞാൻ രണ്ടായിരം രൂപാ ഞങ്ങളുടെ പള്ളിയിലെ അച്ചനെ ഏല്പിക്കാൻ പോകയാണ്,'' എന്താ വിശേഷം എന്നു ഞാൻ അന്വേഷിച്ചു. അപ്പോൾ അയാൾ പറഞ്ഞു ''എന്റെ ഭാര്യ മരിച്ചുപോയിട്ട് നാലുവർഷം കഴിഞ്ഞു. ഞാൻ എല്ലാ മാസവും അവൾക്കുവേണ്ടി കുർബ്ബാന ചൊല്ലിക്കുന്നുണ്ട്. കാരണം അവൾ വളരെ കഷ്ടപ്പാടോടുകൂടിയാണ് ഈ ലോകത്തിൽ നിന്നും എന്നെ പിരിഞ്ഞുപോയത്. കൂടുതൽ സമ്പാദിക്കണമെന്നുള്ള ആഗ്രഹത്തിൽ ഞങ്ങൾ രണ്ടുപേരും വിശ്രമം ഇല്ലാതെ രാപകൽ അദ്ധ്വാനിച്ചു. ആ സന്ദർഭങ്ങളിൽ വേണ്ടത്ര സുഖകരമായ ഒരു ദാമ്പത്യ ജീവിതം ഞങ്ങൾക്കു കിട്ടിയിരുന്നില്ല. ഏറെക്കുറെ വേണ്ടതെല്ലാം ഉണ്ടായി, അന്നേരം അവൾ എന്നെ വേർ

പിരിയുകയും ചെയ്തു. എന്നാൽ ഇവിടംവിട്ട് സ്വർഗ്ഗത്തിൽ ചെല്ലുമ്പോഴും അവളും അവിടെ ഉണ്ടായിരിക്കണം. അതാണ് എന്റെ ആശ. അവളുടെ ഈ ലോക ജീവിതത്തിൽ ദൈവമുൻപാകെ എന്തെങ്കിലും കുറവ് അഥവാ പിഴ ഉണ്ടെങ്കിൽ അവയെ ദൈവം തമ്പുരാൻ അവളോടു പൊറുക്കുന്നതിന് വേണ്ടിയാണ് കുർബാന ചൊല്ലിക്കുന്നത്. ആ കാര്യം ഞാൻ എപ്പോഴും ഓർത്തെന്നു വരികയില്ല. അതിനാൽ കുറെ പണം അച്ചനെ മുൻകൂറു ഏല്പിച്ചാൽ മുടങ്ങാതെ ആ കൃത്യം അച്ചൻ നിർവ്വഹിച്ചു കൊള്ളുമല്ലോ. സ്വർഗ്ഗത്തിൽ ചെന്നെങ്കിലും ഞങ്ങൾക്ക് രണ്ടുപേർക്കും സുഖമായി ജീവിക്കണമെങ്കിൽ ആ അച്ചന്റെ നല്ലകാലം എന്നു ഞാൻ മനസ്സിലോർത്തു. ഇതുപോലെ ഇന്നും എത്രയോ ആളുകൾ അജ്ഞതയിൽ ജീവിക്കുന്നു. ദൈവത്തിന്റെ വചനം എന്തെന്നു ഗ്രഹിക്കാതെയും അവരെ പഠിപ്പിക്കാതെയും സഭാദ്ധ്യക്ഷന്മാരുടെ ഉപദേശങ്ങൾക്കും, മന്ത്രങ്ങളിലും, തന്ത്രങ്ങളിലും കുടുങ്ങി സത്യത്തിനു കടകവിരുദ്ധമായ വെറും പൊള്ളയായ ആചാരങ്ങളെ താലോലിച്ചു വരുന്നു.

ലൂക്കോസിന്റെ സുവിശേഷം ഇരുപതാം അദ്ധ്യായത്തിൽനിന്നും ഒരു വേദഭാഗം ആ മനുഷ്യനെ ഞാൻ വായിച്ചു കേൾപ്പിച്ചു. ഈ ലോകത്തിന്റെ മക്കൾ വിവാഹം കഴിക്കയും വിവാഹത്തിനു കൊടുക്കയും ചെയ്യുന്നു. എങ്കിലും ആ ലോകത്തിനും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തിനും യോഗ്യരായവർ വിവാഹം കഴിക്കയുമില്ല, വിവാഹത്തിനു കൊടുക്കപ്പെടുകയുമില്ല; അവർക്ക് ഇനി മരിപ്പാനും കഴികയുമില്ല. (ലൂക്കോസ് 20: 35–35). മിശിഹാ തമ്പുരാൻ പറഞ്ഞ ആ വചനങ്ങളെ കേട്ടപ്പോൾ അയാൾ അത്ഭുത സ്തബ്ധനായി നിന്നുപോയി. അയാളുടെ ഉള്ളിന്റെ ഉള്ളറയിൽ നിറഞ്ഞിരുന്ന അജ്ഞതയെ ദൈവവചനത്തിന്റെ പ്രകാശനത്താൽ നിശ്ശേഷം തകർത്തു. അയാളുടെ ഹൃദയം വിങ്ങിപ്പൊട്ടി. കണ്ണുകൾ നിറഞ്ഞൊഴുകി. അതുപോലെ, തിരുവചന സത്യങ്ങൾ അറിയാത്ത നിരപരാധികളായ എത്രയോ ആയിരങ്ങൾ ഈ ലോകത്തിന്റെ സമുദായങ്ങളുടെ നാലുകെട്ടിനുള്ളിൽ മയങ്ങിക്കിടക്കുന്നു. അവരുടെ മോഹങ്ങൾ മോഹഭംഗങ്ങളായി കൊഴിഞ്ഞു വീഴുമ്പോഴുള്ള ഹൃദയത്തുടിപ്പുകൾക്ക് ഇന്നത്തെ വഴിപിഴച്ച ക്രിസ്തീയ സമുദായം സാക്ഷ്യം വഹിക്കുമോ?

മരണത്തിൽ നിന്നെക്കുറിച്ചു ഓർമ്മയില്ലല്ലോ; പാതാളത്തിൽ ആർ നിനക്കു സ്തോത്രം ചെയ്യും? (സങ്കീർത്തനം 6: 5). പാതാളം നിന്നെ സ്തുതിക്കുന്നില്ല; മരണം നിന്നെ വാഴ്ത്തുന്നില്ല; കുഴിയിൽ ഇറങ്ങുന്നവർ നിന്റെ വിശ്വസ്തതയെ പ്രത്യാശിക്കുന്നതുമില്ല (യെശ. 38: 18). ശവക്കുഴിയിൽ കിടക്കുന്ന ഹതന്മാരെപ്പോ

ലെ എന്നെ മരിച്ചവരുടെ കൂട്ടത്തിൽ ഉപേക്ഷിച്ചിരിക്കുന്നു; അവരെ നീ പിന്നെ ഓർക്കുന്നില്ല: അവർ നിന്റെ കയ്യിൽ നിന്നു അററുപോയിരിക്കുന്നു. (സങ്കീർത്തനം. 88:5) ''അവൻ ഇടിച്ചു കളഞ്ഞാൽ ആർക്കും പണിതു കൂടാ; അവൻ മനുഷ്യനെ ബന്ധിച്ചാൽ ആരും അഴിച്ചു വിടുകയില്ല (ഇയ്യോബ് 12: 14). മരിച്ചു പോയവർക്കു വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനകളും, അതിനുവേണ്ടി ചെലവഴിക്കുന്ന നമ്മുടെ സമയവും പണവും തിരുവചന സത്യങ്ങളുടെ ആഴമായ വെളിച്ചത്തിൽ വെറും അർത്ഥശൂന്യവും പ്രയോജന രഹിതവും ആണെന്നു മനസ്സിലാക്കാൻ കഴിയുകയില്ലേ? അതുതന്നെയുമല്ല മരിച്ചുപോയവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതുകൊണ്ട് അവർ ചെയ്തിട്ടുള്ള തെററുകൾ തെററല്ലെന്ന് വരുത്താനോ; ന്യായവിധി നാളിൽ ദൈവം അവർക്ക് നൽകുന്ന ശിക്ഷയിൽ നിന്നും അവരെ ഒഴിവാക്കാനോ പോകുന്നില്ല.

''അകൃത്യം നിമിത്തം നീ മനുഷ്യനെ ദണ്ഡനങ്ങളാൽ ശിക്ഷിക്കുമ്പോൾ നീ അവന്റെ സൌന്ദര്യത്തെ പുഴുപോലെ ക്ഷയിപ്പിക്കുന്നു'' (സങ്കീർത്തനം 38: 11). കുറെ വർഷങ്ങൾക്കു മുൻപ് നടന്ന ഒരു സംഭവം എന്റെ സ്മരണയെ ഉണർത്തുന്നു. സമ്പന്നമായ ക്രിസ്തീയ തറവാട്—പ്രസക്തികൊണ്ടും, ധനംകൊണ്ടും, വിദ്യാഭ്യാസംകൊണ്ടും ലോകത്തിന്റെ എല്ലാ തുറകളിലും, പേരും പെരുമയും കയ്യടക്കി ജീവിതത്തിന്റെ പരമോന്നതിയെ പ്രാപിച്ച തറവാട്; ഭയവും ബഹുമാനവും ഒരുപോലെ ആരു കണ്ടാലും കൊടുത്തു ആദരിക്കുന്ന ആ വ്യക്തി: തറവാടിന്റെ ഉടമ. ഒരു ദിവസം സൌന്ദര്യമുള്ള ഒരു സ്ത്രീയിൽ കണ്ണുവച്ചു. അവളെ ഏതു വിധേനെയും തന്റെ സ്വന്തമാക്കാൻ പരിശ്രമിച്ചു തുടങ്ങി. ഒരു രാത്രിയിൽ തന്റെ വലയിൽ കുടുങ്ങിയ അവളെ കോരിയെടുത്തു വെളിം പ്രദേശത്തു കൊണ്ടുപോയി, അവളോട് മൃഗീയമായി പെരുമാറുകയും തന്റെ ജഢീകദാഹം തീർക്കുകയും ചെയ്തു. അപ്പോഴേക്കും ആ സ്ത്രീ മരണം പ്രാപിച്ചു കഴിഞ്ഞു. നിഷ്ഠൂരനും ക്രൂരനുമായ അയാൾ മൃതശരീരം കുററിക്കാട്ടിൽ വലിച്ചെറിഞ്ഞ് അവളുടെ സുന്ദരമായ മുഖം കരിച്ചുകളഞ്ഞു. ആർക്കും ഒരെത്തും പിടിയും കിട്ടാതെ കേസ് തേഞ്ഞു മാഞ്ഞുപോയി. അയാൾ ഈ ലോകത്തിന്റെ കണ്ണിൽപ്പെടാതെ രക്ഷപ്പെട്ടു. സ്ഥലത്തെ ഒരു സാമൂഹ്യ പ്രവർത്തകനും, തന്റെ ഇടവകയിലെ ഒന്നാന്തരം ഭക്തനും എല്ലാവർക്കും പ്രിയങ്കരനുമായിതീർന്നു. ജനങ്ങളുടെ മുൻപിൽ നല്ല വേഷം അണിഞ്ഞ ആ പകൽ മാന്യനെ ജീവിക്കുന്ന ദൈവം വെറുതെ വിട്ടില്ല ''യഹോവേ, നീ അകൃത്യങ്ങളെ ഓർമ്മ വച്ചാൽ കർത്താവേ, ആർ നില നിൽക്കും.'' (സങ്കീർത്തനം. 130: 3). അവന്റെ ആയുസിന്റെ മദ്ധ്യത്തിൽ വെച്ചുതന്നെ ദൈവം അവനെ സന്ദർശിച്ചു. കുഷ്ഠമാകുന്ന മഹാരോഗം അവനു പിടിപെട്ടു. അവനെ ബാധിച്ച

കുഷ്ഠരോഗത്തിൽ നിന്നും വിമുക്തി നേടുന്നതിന് കഴിയാവുന്ന ചികിത്സകൾ എല്ലാം ചെയ്തു. അതിനുവേണ്ടി അവന്റെ ധനം വാരിക്കോരി ചെലവഴിച്ചു. പക്ഷേ കുഷ്ഠരോഗം അവന്റെ അഴകും ആരോഗ്യമുള്ള ശരീരത്തെ കാർന്നു തിന്നുകൊണ്ടിരുന്നു. അവൻ ചെയ്ത നിഷ്ടൂരമായ പ്രവൃത്തിക്ക് തക്ക ശിക്ഷ അവന്റെ മേൽ വീണിരിക്കുകയാണ്. അവയിൽ നിന്നും അവനെ മോചിപ്പിക്കാൻ അവന്റെ പ്രതാപത്തിനോ, ധനത്തിനോ അവനെ ഏററവും സ്നേഹിച്ചവർക്കോ കഴിഞ്ഞില്ല. ഈ ലോകത്തിന്റെ ശക്തികളെല്ലാം നിസ്സഹായതയോടെ മാറിനിന്നു.

അവന്റെ സൗന്ദര്യമുള്ള ശരീരം പഴുത്തു ജീർണ്ണിച്ച് നാററം വച്ചു തുടങ്ങി. ജീവനുള്ള അവന്റെ ശരീരത്തിൽനിന്നും വമിക്കുന്ന ദുർഗന്ധം അവന്റെ മണിമാളികയിൽ മാത്രം ഒതുങ്ങി നിന്നില്ല. ചീഞ്ഞു നാറുന്ന ദുർഗന്ധം പരിസരവാസികളെ എല്ലാം വീർപ്പു മുട്ടിപ്പിച്ചു. അവന്റെ പ്രിയപ്പെട്ടവർക്കുപോലും ഒരു നിമിഷം അവന്റെ സമീപത്തേയ്ക്ക് അടുത്തു ചെല്ലുന്നതിന് കഴിയാത്ത സാഹചര്യം. രാവും പകലും ഒരുപോലെ വിലയേറിയ സുഗന്ധദ്രവ്യങ്ങൾ കത്തിച്ചു പുകച്ചു കൊണ്ടിരുന്നു. പ്രാർത്ഥനകളും, നേർച്ചകളും മറെറാരു വഴി തകിർതിയായി നടന്നിരുന്നു. എന്തു ഫലം! ദൈവം അവനോടുള്ള കോപവും ക്രോധവും ഹേതുവായിട്ട് അവനെ എടുത്തു എറിഞ്ഞു കളഞ്ഞു. ''യഹോവയുടെ ക്രോധം എന്ന ചുഴലിക്കാററു, കടുപ്പമായി അടിക്കുന്ന ചുഴലിക്കാററുതന്നേ, പുറപ്പെടുന്നു; അതു ദുഷ്ടൻമാരുടെ തലമേൽ ചുഴന്നടിക്കും. യഹോവയുടെ ഉഗ്രകോപം അവന്റെ മനസ്സിലെ നിർണ്ണയങ്ങളെ നടത്തി നിവർത്തിക്കുവോളം മടങ്ങുകയില്ല: ഭാവികാലത്ത് നിങ്ങൾ അതു ഗ്രഹിക്കും'' (യിരെമ്യാവ് 30: 23, 24).

ഉററവരും, ഉടയവരും, നാട്ടുകാരും വീട്ടുകാരും പള്ളിക്കാരും സഭാദ്ധ്യക്ഷൻമാരും എല്ലാവരും വെറുത്തു, കൈവെടിഞ്ഞു. അവനെ കൊണ്ടു സഹികെട്ട എല്ലാവരും അധികാരികളുടെ പ്രത്യേക അനുമതിയോടുകൂടി വിഷം കുത്തിവെച്ചു അവനെ കൊന്നു കളഞ്ഞു. എന്നിട്ടും അവന്റെ പ്രിയപ്പെട്ടവരും സമുദായ അധികാരികളും നേർച്ചകളും പ്രാർത്ഥനകളും മുറതെററാതെ അവനുവേണ്ടി നടത്തുന്നു. അടിയന്തരങ്ങളും ആണ്ടുചാത്തവും നാൽപ്പത്തൊന്നു ദിവസം അഞ്ചു വികാരിമാർ ഒരുപ്പോലെനിന്നു അവനുവേണ്ടി കുർബാന നടത്തുന്നു. വസ്ത്രങ്ങളും, ഭക്ഷണ സാധനങ്ങളും ധാരാളമായി ദാനധർമ്മം കൊടുക്കയുംചെയ്തു. പക്ഷെ എന്തു ഫലം! ''കൂശിന്നു തന്റെ തൊക്കും പുള്ളിപ്പുലിക്കു തന്റെ പുള്ളിയും മാററുവാൻ കഴിയുമോ ?'' (തിരെമ്യാവ് 13:23) ധാരാളം ചമൽക്കാരം തേച്ചു ചാരായവെള്ളം കൊണ്ടു കഴുകിയാലും നിന്റെ അകൃത്യം എന്റെ മുമ്പിൽ മലിനമായിരിക്കുന്നു. എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്'' (യിരമ്യാവ്. 2: 22).

ആ ദുഷ്ടമനുഷ്യന്റെ മക്കളോടും ഇന്നും പല അനിഷ്ട സംഭവങ്ങളിൽകൂടി ദൈവം, ചോദിച്ചുകൊണ്ടിരിക്കയാണ്. ''നീ ആയിരം തലമുറയോളം ദയകാണിക്കയും പിതാക്കൻമാരുടെ അകൃത്യത്തിനു അവരുടെ മക്കളുടെ മാർവ്വിടത്തിൽ പകരം കൊടുക്കുകയും ചെയ്യുന്നു. മഹത്വവും വല്ലഭത്വവുമുള്ള ദൈവമേ, സൈന്യങ്ങളുടെ യഹോവ എന്നല്ലോ നിന്റെ നാമം'' (യിരെമ്യാവ് 32:18).

ഒരുവൻ ശരീരത്തിൽ ഇരിക്കുമ്പോൾ നല്ലതാകിലും തീയതാകിലും ചെയ്യുന്ന പ്രവൃത്തിക്കു തക്ക പ്രതിഫലം പ്രാപിക്കേണ്ടതിന് അവൻ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുൻപാകെ വെളിപ്പെടേണ്ടതാണ്. അത് ദൈവ വ്യവസ്ഥയും നീതിയും ആണെങ്കിൽ പിന്നെ നാം എന്തിനു മരിച്ചു പോയവർക്കുവേണ്ടി പ്രാർത്ഥിക്കണം? സ്തൂപ പ്രാർത്ഥന നടത്തണമോ? ഫീസ് കൊടുത്ത് ആണ്ടുതോറും മരിച്ചവരുടെ കുഴിമാടത്തിൽ ചെന്ന് പുരോഹിതൻമാരെകൊണ്ടു പ്രാർത്ഥിപ്പിക്കേണമോ? അടിയന്തരവും മററു ഭാരിച്ച ചെലവുകളും വരുത്തിക്കൂട്ടുന്നത് എന്തിനാണ്? അവയെല്ലാംകൊണ്ടും മരിച്ചു പോയ നമ്മുടെ പ്രിയപ്പെട്ടവർക്ക് ദൈവത്തിന്റെ കരുണാകടാക്ഷം ലഭിക്കുമെന്നു നിങ്ങൾ ആശിക്കുന്നുവോ? മരിച്ചുപോയവർക്ക് നാം ചെയ്യുന്ന യാതൊരു പുണ്യപ്രവൃത്തികളും, ആത്മീയ ശുശ്രൂഷകളും ദൈവ മുൻപാകെ വിലയുള്ളതായി തീരുകയില്ലായെന്ന് ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ നാം സമ്മതിച്ചേ മതിയാകൂ. ''നീ മരിച്ചവർക്കു അൽഭുതങ്ങൾ കാണിച്ചു കൊടുക്കുമോ? മൃതൻമാർ എഴുന്നേററു നിന്നെ സ്തുതിക്കുമോ' ശവക്കുഴിയിൽ ദയയേയും വിനാശത്തിൽ നിന്റെ വിശ്വസ്തതയേയും വർണ്ണിക്കുമോ? അന്ധകാരത്തിൽ നിന്റെ അത്ഭുതങ്ങളും വിസ്മൃതിയുള്ള ദേശത്തു നിന്റെ നീതിയും വെളിപ്പെടുമോ'' (സങ്കീർത്തനം 88:10-12).

ഒരു ശവസംസ്കാര ശുശ്രൂഷയിൽ ഞാൻ കണ്ടത് ഇപ്രകാരമാണ്. ദേവാലയത്തിനുള്ളിലെ ശുശ്രൂഷകൾ കഴിഞ്ഞു ശവശരീരം ദേവാലയത്തിന്റെ പ്രധാനവാതിൽ നടയിൽ വച്ച്, ചുററും കൂടി നിന്ന ദു:ഖിതരായ ജനത്തിന്റെ മദ്ധ്യത്തിൽ നിന്നുകൊണ്ട് പുരോഹിതൻ ഉറക്കെ പറഞ്ഞു ''മരിച്ചുപോയ ആളുടെ മൂത്തമകൻ അമ്പതുരൂപായിൽ കുറയാത്ത ഒരു തുക ശവശരീരത്തിന്റെ അടുത്തു വച്ചിട്ട്, മൂന്നുപ്രാവശ്യം ശവശരീരത്തിൻമേൽ കുമ്പിടണം'' അപ്രകാരം മൂത്തമകൻ ചെയ്യുന്നതും കണ്ടു. ആ ചടങ്ങ് എന്തിനുവേണ്ടി? അതുകൊണ്ട് എന്ത് മഹത്വമാണ് കുമ്പിട്ട വ്യക്തിക്കോ മരിച്ചുപോയ വ്യക്തിക്കോ, ലഭിക്കുക? ഇന്നും എത്രയോ ആളുകൾ യാതൊന്നും മനസിലാക്കാതെ ഇത്തരം കർമ്മാദികൾക്ക് വശംവദരായി അന്ധകാരത്തിലും അജ്ഞതയിലും മരവിച്ചു കിടക്കുന്നു. യേശുക്രിസ്തുവിന്റെ ഉപദേശത്തിലും പഠിപ്പിക്കലിലും, അപ്പോസ്തലൻമാ

രുടെ തിരുവെഴുത്തുകളിലും കാണപ്പെടാത്ത കാര്യങ്ങൾ ക്രിസ്തീയ സമുദായ വിശ്വാസാചാരങ്ങളിൽ കെട്ടിച്ചമച്ച് മുതലെടുക്കുന്ന സമ്പ്രദായങ്ങൾ ഇനിയെങ്കിലും നിർത്തിവെക്കുമോ? സഹോദരാ! ക്രിസ്തീയ ജീവിതത്തിനും, വിശ്വാസത്തിനും പ്രത്യാശക്കും നിരക്കാത്ത അനവധി ആചാരങ്ങളുടെ കൽത്തുറുങ്കലിൽ നീ തളക്കപ്പെട്ടു പോയിരുന്നെങ്കിൽ, അതിൽനിന്നും രക്ഷ നേടാൻ ഒരേ ഒരു മാർഗ്ഗമേ ഉള്ളൂ. തിരുവചന സത്യങ്ങൾക്കു നിന്റെ ചെവികൊടുത്ത് അതിന്റെ യാഥാർത്ഥ്യം അനുസരിക്കുന്നവനായി തീരുക. നിന്റെ സാമാന്യ ബുദ്ധിക്ക് നിരക്കാത്ത അനാചാരങ്ങൾ ദിവ്യത്വത്തിന്റെ പരിവേഷം ചാർത്തി നിന്നെക്കൊണ്ട് ചെയ്യിപ്പിക്കാൻ തുടങ്ങുമ്പോൾ നീ തെല്ലുനേരം ചിന്തിക്കുമോ?

ഒരിക്കൽ കർത്താവ് തന്നെ അനുഗമിക്കാൻ ആവശ്യപ്പെട്ടപ്പോൾ ശിഷ്യൻ പറഞ്ഞു "ഞാൻ മുമ്പേ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം" അപ്പോൾ യേശു അവനോട് "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ, നീയോ പോയി ദൈവരാജ്യം അറിയിക്ക എന്നു പറഞ്ഞു (ലൂക്കോസ്. 9: 59, 60). ഒരുവൻ മരിച്ചു കഴിഞ്ഞാൽ അവന്റെ പിന്നീടുള്ള കാര്യാദികൾ യാതൊന്നും പ്രാധാന്യം അർഹിക്കുന്നവയല്ല. സാമൂഹ്യ മര്യാദ അനുസരിച്ച് അവനെ അടക്കം ചെയ്യേണ്ടതത്രേ ഉള്ളൂ. എന്നാൽ ജീവനോടെ അവശേഷിക്കുന്ന നമ്മൾ ഈ സന്ദർഭങ്ങളിൽ നമ്മുടെ നന്മതിന്മകളെക്കുറിച്ച് പുനഃപരിശോധന നടത്തുകയും, ദൈവ മുമ്പാകെ നമ്മെ കീഴ്പ്പെടുത്തുകയും വേണം. ഇന്നല്ലെങ്കിൽ നാളെ നാം എല്ലാം ഈ ലോകം വിടേണ്ടവരാണ്. അപ്പോൾ ഉൽകൃഷ്ടവും ഭാഗ്യമേറിയതുമായ ഒരു മരണം നമുക്ക് ലഭ്യമാകാൻ സാധിക്കണം. അതിനായി യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ടും പഠിച്ചും അനുസരിച്ചും അതിനെ ഉൾക്കൊള്ളണം. അപ്രകാരം യേശുക്രിസ്തുവിന്റെ ഒരു ശിഷ്യനിൽ നിന്നും വരുന്ന പ്രകാശം അന്ധകാരത്തിന്റെയും, അജ്ഞതയുടെയും അനാചാരങ്ങളുടെയും ഇരുട്ടറയിൽ തപ്പിത്തടയുന്ന സഹോദരങ്ങൾക്കും പകർന്നുകൊടുക്കുക. യേശുക്രിസ്തുവിന്റെ നിർമ്മലമായ സുവിശേഷം അറിയിക്കയും, അവൻ ജീവിച്ചിരിക്കുമ്പോൾതന്നെ ദൈവസ്നേഹത്തിലൂടെ അവന്റെ തിന്മ പ്രവൃത്തികളെ മനസ്സിലാക്കി കൊടുക്കുകയും അവനെ ശാസിക്കുകയും വേണം. അവനു വേണ്ടി പ്രാർത്ഥിക്കുകയും രക്ഷയുടെ മാർഗ്ഗം അവനെ പഠിപ്പിക്കുകയും ചെയ്യുക.

"ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതൻമാർ ഭാഗ്യവാൻമാർ അത്രേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവൃത്തി അവരെ പിൻതുടരുന്നു എന്നു ആത്മാവു പറയുന്നു" (വെളിപ്പാട് 14:13).

# ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ

എം. കെ. കുര്യൻ, കടമ്പ

'എന്നോട് കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനു മല്ലാ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്" (മത്താ 7:21), എന്നും, 'സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും, സഹോദരിയും, അമ്മയും ആകുന്നു' (മത്താ 12:50) (ലൂക്കോ 8:21) എന്നും, ദൈവപുത്രനായ ക്രിസ്തു പറയുന്നു. സ്വർഗ്ഗരാജ്യത്തിൽ കടക്കണമെങ്കിൽ നാം ദൈവത്തിന്റെ ഇഷ്ടം ചെയ്യണമെന്നും ദൈവത്തിന്റെ ഇഷ്ടം ചെയ്താൽ നാം ക്രിസ്തുവിന്റെ സഹോദരനും, സഹോദരിയും, അമ്മയും ആയിരിക്കും എന്നാണ് ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത്. സ്വർഗ്ഗരാജ്യമെന്നും (മത്താ 4:17) ദൈവരാജ്യമെന്നും (മർക്കോ 9:1) പറയുന്നത് ക്രിസ്തുവിന്റെ സഭയാണ് (മത്താ 16:18). ക്രിസ്തുവിന്റെ സഭ അവന്റെ ആത്മീക ശരീരവുമാണ് (യോഹ 18:36; എഫെ 1:20–23; 1 കൊരി: 12:27). എന്നു തന്നെയുമല്ലാ ദൈവത്തിന്റെ അടുക്കൽ അഥവാ സ്വർഗ്ഗത്തിൽ എത്തുവാനുള്ള ഏക വഴിയും ക്രിസ്തുവിന്റെ സഭയാണ്. (1 കൊരി 15:20–25). ആയതിനാൽ ക്രിസ്തുവിന്റെ സഭയിൽ കടക്കേണ്ടതിന്നു നാം എല്ലാവരും ദൈവത്തിന്റെ ഇഷ്ടം ചെയ്യണമെന്ന് ക്രിസ്തു കല്പിക്കുന്നു (മത്താ 7:21).

ദൈവത്തിന്റെ ഇഷ്ടം ചെയ്യണമെങ്കിൽ എന്താണ് ദൈവത്തിന്റെ ഇഷ്ടം എന്നു നാം അറിഞ്ഞിരിക്കണം. ക്രിസ്തുവിന്റെ വചനങ്ങളെ കേട്ട് അതു ചെയ്യുക. അഥവാ ക്രിസ്തുവിനെ അനുസരിക്കുക എന്നതാണ് ദൈവത്തിന്റെ ഇഷ്ടം (മത്താ 17:15; മത്താ 7:21–25; യോഹ 3:16). കാരണം, സ്വർഗ്ഗത്തിലും, ഭൂമിയിലും സകല ജഡത്തിന്മേലും ഉള്ള സകല അധികാരവും ദൈവം ക്രിസ്തുവിനുകൊടുത്തിരിക്കുന്നു (മത്താ 28:18; യോഹ 17:2; എഫെ 1:20–23; എബ്രാ 1:1–2) എന്ന് വെളിപ്പെടുന്നു. സ്വർഗ്ഗരാജ്യം അഥവാ ക്രിസ്തുവിന്റെ സഭയിൽ കടക്കേണ്ടതിന്നു നാം എന്താണ് ചെയ്യേണ്ടതെന്നു ക്രിസ്തു നമ്മോട് കല്പിക്കുന്നു. അതനുസരിച്ച് നാം നിത്യജീവൻ പ്രാപിക്കണമെന്നുള്ളതാണ് ദൈവത്തിന്റെ ഇഷ്ടം (യോഹ 3:14–16).

ക്രിസ്തു ഇപ്രകാരം പറയുന്നു, 'ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രെ' (മത്താ 7:13, 14) എന്ന്. കൂടാതെ 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും' (യോഹ 14:23, 24) എന്നും ക്രിസ്തു പറയുന്നു. ക്രിസ്തുവിനെ നാം സ്നേഹിക്കുന്നു എങ്കിൽ അവന്റെ വചനം പ്രമാണിക്കണം. എന്നാൽ നാം ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരാകും.

ഇടുക്കു വാതിൽ എന്താണെന്നും ക്രിസ്തു വെളിപ്പെടുത്തിയിരിക്കുന്നു. "ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും." (യോഹ. 10:9) എന്നു ക്രിസ്തു പറഞ്ഞു. ആയതിനാൽ ക്രിസ്തുവാണ് ഇടുക്കുവാതിൽ. ക്രിസ്തുവാകുന്ന ഇടുക്കു വാതിലിലൂടെ എങ്ങനെ കടക്കാം? നമ്മെ രക്ഷിക്കുന്നതിനായി നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രിസ്തു കുരിശിൽ മരിക്കയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കയും ചെയ്യേണ്ടതാണെന്ന് അവൻ വെളിപ്പെടുത്തിയിരുന്നു. (യോഹ. 3: 14. 15; മത്താ. 17;22, 23; യോഹ. 10: 15, 18). അപ്രകാരം കുരിശിൽ തന്റെ രക്തം ചൊരിഞ്ഞു അവൻ മരിക്കയും അടക്കപ്പെട്ടു ഉയർത്തെഴുന്നേൽക്കയും ചെയ്തു. ഇങ്ങനെ യഥാർത്ഥമായ വാതിലിലൂടെ കടന്നു അവൻ സഭയാകുന്ന ആട്ടിൻ തൊഴുത്തിന്റെ വാതിലായി (യോഹ. 10: 1-3; വാക്യം 7, 9) തീർന്നിരിക്കുന്നു.

ഇടുക്കുവാതിലിലൂടെ കടക്കേണ്ടത് ഇപ്രകാരമാണെന്ന് അവൻ കാണിച്ചുതന്നു (മർക്കോ. 8: 34.). ക്രിസ്തുവിന്റെയും, സുവിശേഷത്തിന്റെയും നിമിത്തം നാം കുരിശിൽ നമ്മുടെ ജീവനെ കളഞ്ഞാൽ നാം രക്ഷിക്കപ്പെടും (യോഹ. 10:9). നമ്മുടെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ നാം നശിക്കും (മർക്കോ 8: 34—35). "വ്യഭിചാരവും പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യ പുത്രനും തന്റെ പിതാവിന്റെ തേജസിൽ വിശുദ്ധ ദൂതൻമാരുമായി വരുമ്പോൾ നാണിക്കും" (മർക്കോ 8: 38) എന്നു പറഞ്ഞിരിക്കുന്നു.

ആയതിനാൽ "ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ കുരിശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (മർക്കോ. 8:34) എന്നു പറഞ്ഞിരിക്കുന്നു. അത് ഇപ്രകാരമാണ്, ക്രിസ്തുവിന്റെ സുവിശേഷം കേട്ടു അതിൽ വിശ്വസിച്ച് (മർക്കോ. 16: 15; 16; റോമ. 10: 13—17) മാനസാന്തരപ്പെ

ടുകയും (മത്താ. 4: 17; ലൂക്കോ 13: 3; പ്രവൃ. 17: 30–31) യേശു ക്രിസ്തു ദൈവപുത്രനും കർത്താവുമായി ഏററു പറഞ്ഞ് (മത്താ. 10: 32; പ്രവൃ. 8: 37; റോമ. 10: 9- 10) പാപമോചനത്തിനായി യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏല്ക്കയും ചെയ്യണം (മർക്കോ. 16: 15–16; പ്രവൃ 2: 28–39.

ഇപ്രകാരം ചെയ്യുന്നതിൽക്കൂടി നാം തന്നെത്താൻ ത്യജിച്ച് തൻെറ കുരിശ് എടുത്തുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുന്നു (മർക്കോ 8:34–35). അതായത് ക്രിസ്തുവിനോട് കൂടെ നാം ക്രൂശിക്കപ്പെട്ടു (ഗലാ 5:24) പാപസംബന്ധമായി നാം മരിക്കയും അടക്കപ്പെട്ട് ക്രിസ്തുവിനോടു കൂടെ ഉയർത്തെഴുന്നേൽക്കയും ചെയ്യുന്നു (റോമ 6:3–11). അഥവാ ഇടുക്കു വാതിലിലൂടെ കടന്നു (യോഹ 10;9; മത്താ 7:14) ഞെരുക്കമുള്ള വഴിയായ അവൻെറ സഭയിൽ പ്രവേശിക്കുന്നു. (കൊലൊ 2:12-13); (പ്രവൃ 2:47) ഇക്കാരണത്താലാണ് 'ഞാൻ വാതിൽ ആകുന്നു: എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും'. (യോഹ 10:9) എന്ന് ക്രിസ്തു പറഞ്ഞത്. രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോട് ചേർക്കുന്നു (പ്രവൃ 2:47). സഭയാകുന്ന ഞെരുക്കമുള്ള വഴിയെക്കുറിച്ചും അവൻ ഇപ്രകാരം പറയുന്നു. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ എത്തുന്നില്ല' (യോഹ 14:6)

ക്രിസ്തുവിനെ അനുഗമിക്കുന്നതിനെപ്പററി ചിലർ പറയുന്നു ക്രിസ്തുവിനെ വിശ്വസിച്ചാൽ മാത്രം മതി എന്ന്. എന്നാൽ വിശ്വസിക്കുന്നവരാണ് ഇപ്രകാരം ദൈവത്തിൻെറ ഇഷ്ടം ചെയ്യേണ്ടത്. (മത്താ. 7: 21–25; യോഹ. 3: 14–16) (യാക്കോ. 2: 20–26). ചിലർ പറയുന്നു, ശിശുസ്നാനത്താൽ ക്രിസ്തുവിനെ അനുഗമിക്കാമെന്ന്. ഈ ഉപദേശത്തിന് ക്രിസ്തുവിൻെറ സുവിശേഷവുമായി ഒരു ബന്ധവും ഇല്ല (ഗലാ: 1; 6–9; 2. യോഹ 9). മററു ചിലരോ, ക്രിസ്തുവിനെ രക്ഷിതാവായി ഹൃദയത്തിൽ സ്വീകരിച്ചാൽ മാത്രം മതിയെന്ന് പറയുന്നു. എന്നാൽ സുവിശേഷാനുസരണപ്രകാരം സ്നാനം ഏൽക്കുമ്പോൾ മാത്രമാണ് ഒരുവൻ ക്രിസ്തുവിനെ രക്ഷിതാവായി ഹൃദയത്തിൽ സ്വീകരിക്കുന്നത്. കാരണം ''ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ അവന്നുള്ളവനല്ല'' (റോമ. 8: 9) എന്നു പറഞ്ഞിരിക്കുന്നു. സുവിശേഷം അനുസരിച്ച് സ്നാനം ഏൽക്കുമ്പോഴാണ് പരിശുദ്ധാത്മ ദാനം ലഭിക്കുന്നത് (പ്രവൃ. 2: 14–39). ഇതിനു വിപരീതമായി ഉപദേശിക്കുന്ന മാർഗ്ഗങ്ങളെയാണ് ''നാശത്തിലേക്കു പോകുന്ന വീതിയുള്ള വാതിലും വിശാലമായ വഴി''യുമായി ക്രിസ്തു ചിത്രീകരിക്കുന്നത്. (മത്താ 7: 13–14).

ക്രിസ്തു പറയുന്നതെന്ത്? 'എന്നോട് കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ലാ സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം

ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്' (മത്താ 7;21) എന്നാണ്.

സ്വന്ത വഴികളെ വിട്ടുകളയുവാനുള്ള മടി അനേകം പേർക്കുണ്ട്. അവർ ദൈവത്തേക്കാളുപരി സ്വാർത്ഥതക്ക് വില കല്പിക്കുന്നവരാണ്. എന്നാൽ അവരുടെ ഇഷ്ടങ്ങൾക്ക് പലപ്പോഴും അംഗീകാരം ലഭിക്കാതെ വരുമ്പോൾ നിരാശരായിത്തീരാറുണ്ട്. അപ്പോഴാണ് അവരുടെ ചിന്താശക്തി ഉണരുന്നത്. സമുദായ മേൻമക്കായി പ്രവർത്തിക്കുന്ന നിരവധിയാളുകൾക്ക് പററുന്ന കുഴപ്പവും ഇതുതന്നെ. അഹങ്കാരമാണ് പലരേയും ദൈവത്തിൻെറ ഇഷ്ടം ചെയ്യാതിരിക്കുവാൻ പ്രേരിപ്പിക്കുന്നത്. അതുപേക്ഷിക്കാതെ നിവർത്തിയില്ല.

മതപരമായി നാം ചെയ്യുന്നതെല്ലാം അംഗീകരിക്കപ്പെടണമെന്നതാണ് എല്ലാവരുടെയും നിഗമനം. ദൈവത്തെ പ്രസാദിപ്പിക്കുവാൻ നാം ചെയ്യേണ്ടത് നമ്മുടെ ഇഷ്ടമല്ല; അവൻെറ ഇഷ്ടമാണ്. ദൈവം തൻെറ പുത്രനെ അയച്ച് അവൻെറ ഹിതമെന്തെന്ന് പൂർണ്ണമായും വെളിപ്പെടുത്തിയിരുന്നു. അത് ലളിതമായി എഴുതപ്പെട്ടിരിക്കയും ചെയ്തിരിക്കുന്നു. നമ്മുടെ കടമ അതു വായിച്ച് മനസ്സിലാക്കി അതുമാത്രം അനുസരിക്കുകയാണ്. പലതും ചിലപ്പോൾ ഉപേക്ഷിക്കേണ്ടിവന്നേക്കാം. എന്നാൽ അതു ദൈവത്തിനുവേണ്ടിയാണെന്ന് ധരിക്കുക.

ദൈവപുത്രനായിരുന്നിട്ടുപോലും പിതാവിൻെറ ഇഷ്ടം മാത്രം അനുസരിച്ച്. സംസാരിക്കുന്നതിനും പ്രവർത്തിക്കുന്നതിനും യേശുക്രിസ്തു ഈ കാര്യത്തിൽ നമ്മുടെ വഴികാട്ടിയാണ്. അവൻെറ കാൽചുവടുകളെ പിൻപററുവാൻ ഒരു മാതൃക തന്നിട്ടുണ്ട്. അതാണ് യഥാർത്ഥമായ ദൈവഹിതം. അതു ദൈവത്തിലേക്കുള്ള വഴിയാണ്; നീതിമാർഗ്ഗമാണ്. ഭൂമിയോളം താഴ്ന്ന യേശുക്രിസ്തുവിൻെറ മനസ്സ് നമുക്ക് ഉണ്ടെങ്കിൽ ദൈവത്തിൻെറ ഇഷ്ടത്തോട് നമുക്ക് വൈമുഖ്യത തോന്നുകയില്ല. സകലത്തിനും ലാക്കും കാരണഭൂതനുമായ അവൻെറ ഹിതം മാത്രമാണ് ഞാൻ ചെയ്യുവാൻ ആഗ്രഹിക്കുന്നത്. കാരണം അതിൽ മാത്രമാണ് പ്രത്യാശയുള്ളത്.

നിത്യ സന്തോഷവും നിത്യ സമാധാനവും ദൈവത്തിൻെറ ഇഷ്ടം പ്രവർത്തിക്കുമ്പോൾ നമുക്കുണ്ടാകും. കാരണം അവൻ അതു നമുക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. വിശ്വസനീയമായ ഒരുവൻ ദൈവംമാത്രം. ആ ഒരു പരിജ്ഞാനം നമ്മിൽ ഉണ്ടായാൽ സർവ്വ ശക്തനിൽ നിന്നുള്ള അനുഗ്രഹം നമുക്ക് പ്രാപിക്കുവാൻ ഇട വരും. ഇല്ലെങ്കിൽ ഫലം ശൂന്യമായിരിക്കും.

ക്രിസ്തുവിൻെറ വചനങ്ങളെ കേട്ടു ചെയ്തുകൊണ്ട് (മത്താ 7:24–25) ദൈവത്തിൻെറ ഇഷ്ടം ചെയ്യുവാൻ ദൈവം നമുക്കു ഓരോരുത്തർക്കും കൃപ നൽകട്ടെ.

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth Post Box 3815, New Delhi 110049.

Mondays—9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.
Thursdays—9: 00 to 9 : 15 P.M.
Fridays — 9 ; 00 to 9 : 15 P. M.
Sundays– 12 : 45 to 1 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth, Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.
Tuesdays—2 : 30 to 2 : 45 P.M.
Thursdays—2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P M
Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker :P. K. Varghese.

All Correspondence should be sent to Church of Christ Quilon—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.
Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and published by P. K. Varghese Church of Christ, Trivandrum. Printed at Santhosh Printers Nandavanam, Tvm.

Regd: No. K Dis. 90095 / 86/ A8 Regd· No· KL/TV (N)22

**¤ You are Cordially Invited ¤**
**To Attened**

Worship Services and Bible Studies

Sunday 10 a. m.
Tuesday 6.30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum-34

All correspondence should be send to the Editor, Bible Truth, Church of Christ· Trivandrum-34, Kerala, South India

From
**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India

To